IslamHouse.com
Osoul Center
www.osoulcenter.com

# തൗഹീദ് പ്രമാണങ്ങളിലൂടെ



വിവർത്തനം:
മുഹമ്മദ് കുട്ടി കടന്നമണ്ണ-മങ്കട
പരിശോധന
അബ്ദുറസാഖ് സ്വലാഹി

Malayalam
മലയാളം
مليالم

# دلائل التوحيد


لشيخ الإسلام محمد بن عبد الواهاب رحمه الله

ترجمة

محمد كوتي أبو بكر

مراجعة

عبد الرزاق صلاحي



Malayalam

മലയാളം

مليالم

Osoul Center
www.osoulcenter.com

This book has been conceived, prepared and designed by the Usool International Centre. All photos used in the book belong to the Usool Centre. The Centre hereby permits all Sunni Muslims to reprint and publish the book in any method and format on condition that 1) acknowledgement of the Usool Centre is clearly stated on all editions; and 2) no alteration or amendment of the text is introduced without reference to the Usool Centre. In the case of reprinting this book, the Centre strongly recommends maintaining high quality.

+966 504 442 532
+966 11 445 4900
+966 11 497 0126
P.O.BOX 29465 Riyadh 11457
osoul@rabwah.com
www.osoulcenter.com

بسم الله الرحمن الرحيم

# താളുകളിൽ


| | |
|---|---|
| 1) വിവർത്തകക്കുറിപ്പ്. | 9 |
| 2) റബ്ബ്, ദീൻ.(ഇസ്‌ലാം) | 11 |
| 3) ഈമാൻ, ഇഹ്സാൻ. | 15 |
| 4) നുബുവ്വത്ത്, രിസാലത്ത്, മുഅ്ജിസത്ത്. | 17 |
| 5) പ്രവാചക ദൗത്യം. | 20 |
| 6) ത്വാഗൂത്ത്. | 28 |
| 7) നമസ്കാത്തിന്റെ രൂപം. | 29 |
| 8) അല്ലാഹു അല്ലാത്തവർക്ക് വേണ്ടി അറുക്കൽ. | 33 |
| 9) കാപട്യത്തിന്റെ ഇനങ്ങൾ. | 36 |
| 10) തൗഹീദിന്റെ ഇനങ്ങൾ. | 41 |
| 11) കുഫ്റും അതിന്റെ ഇനങ്ങളും. | 47 |
| 12) ശിർക്കിന്റെ ഇനങ്ങൾ. | 51 |
| 13) ഖദാ–ഖദ്ർ. | 54 |
| 14) ശഹാദത്തിന്റെ അർത്ഥം. | 57 |
| 15) താങ്കൾ ചെയ്യേണ്ടത്. | 60 |

# വിവർത്തകക്കുറിപ്പ്

ഒരു മനുഷ്യന്റെ വിശ്വാസ പൂർണ്ണത നിശ്ചയിക്കപ്പെടുന്നത് തൗഹീദിനെ അടിസ്ഥാനമാക്കിയാണ്. കാരണം തൗഹീദാണ് ഈമാൻ. തൗഹീദ് പൂർണ്ണമല്ലാത്തവൻ പരലോകത്ത് പരാജയപ്പെട്ടതു തന്നെ.

ഇസ്‌ലാമിന്റെ അടിസ്ഥാനാദർശമായ തൗഹീദിനെ സരളമായും ഹ്രസ്വമായും പ്രതിപാദിക്കുന്ന ചെറുകൃതിയാണ് തൗഹീദ് പ്രമാണങ്ങ ളിലൂടെ. തൗഹീദിനെക്കുറിച്ച 50 ചോദ്യങ്ങളും അതിന്റെ ഉത്തരങ്ങളുമാണ് കൃതിയുടെ ഉള്ളടക്കം. വിഷയത്തിന്റെ വിവിധ വശങ്ങൾ പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ ഇതിൽ വിശകലനം ചെയ്തിരിക്കുന്നു.

പരിഷ്കർത്താവും പണ്ഡിതവര്യനുമായ ശൈഖുൽ ഇസ്‌ലാം മുഹമ്മദ് ബ്ൻ അബ്ദിൽ വഹാബ് (ﷺ) ആണ് രചയിതാവ്.

സാധാരണക്കാരെ സംബന്ധിച്ചിടത്തോളം

അപ്രധാനമായതിനാലും പുസ്തകത്തിന്റെ ഹ്രസ്വത ഉദ്ദേശിച്ചും ഖളാഅ് ഖദ്റിനെ സംബന്ധിച്ച വിശകലനത്തിൽ ഭാഷാപരമായി അവക്ക് നൽകപ്പെടുന്ന വിശദീകരണത്തെ വിവർത്തനത്തിൽ ഉപേക്ഷിച്ചിരിക്കുന്നു.

പിശകുകൾ ചൂണ്ടിക്കാണിക്കണമെന്ന് ഉണർത്തുകയാണ്. ഇതൊരു സ്വാലിഹായ കർമ്മമായി അല്ലാഹു സ്വീകരിക്കട്ടെ എന്ന പ്രാർത്ഥനയോടെ ഈ കൊച്ചു പുസ്തകം വായനക്കാരുടെ കരങ്ങളിലേക്ക് സമർപ്പിക്കുന്നു.

**– മുഹമ്മദ് കുട്ടി കടന്നമണ്ണ– മങ്കട**

# തൗഹീദ് പ്രമാണങ്ങളിലൂടെ (ചോദ്യോത്തരങ്ങൾ)

**ഒരു മനുഷ്യൻ നിർബന്ധമായും അറിഞ്ഞിരിക്കേണ്ട മൂന്ന് അടിസ്ഥാന കാര്യങ്ങൾ ഏവ ?**

തന്റെ രക്ഷിതാവിനെ അറിയൽ, തന്റെ മതത്തെ അറിയൽ തന്റെ പ്രവാചകനെ അറിയൽ. (അല്ലാഹുവാണ് തന്റെ രക്ഷിതാവ് എന്നും ഇസ്‌ലാമാണ് അല്ലാഹു തൃപ്തിപ്പെട്ട മതമെന്നും, മുഹമ്മദ് നബി (ﷺ) അല്ലാഹുവിന്റെ അടിമയും അന്ത്യ പ്രവാചകനുമാണെന്നും അറിയുക എന്നർത്ഥം).

**നിന്റെ രക്ഷിതാവ് ആര് ?**

എന്നെയും മുഴുവൻ ലോകരെയും സൃഷ്ടിച്ച് സംരക്ഷിച്ച് പരിപാലിക്കുന്ന അല്ലാഹുവാണ് എന്റെ രക്ഷിതാവ്. അവനാണ് എന്റെ ആരാധ്യൻ. അവനല്ലാതെ മറ്റൊരു ആരാധ്യനും എനിക്കില്ല. അല്ലാഹു പറയുന്നു:

﴿ٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ﴾ [الفاتحة: ٢]

“സർവ്വസ്തുതിയും ലോകരക്ഷിതാവായ അല്ലാഹുവിനാകുന്നു’’

അല്ലാഹു ഒഴികെയുള്ളതെല്ലാം ലോകമാണ്, നാമെല്ലാം ആ ലോകത്തിലെ അംഗങ്ങളും.

## റബ്ബ് എന്ന പദത്തിന്റെ അർത്ഥമെന്ത് ?

എല്ലാം അധീനമാക്കിയവൻ, ആരാധ്യൻ, എല്ലാ കൈകാര്യങ്ങളും നടത്തുന്നവൻ, എന്നൊക്കെയാണ്. അവൻ മാത്രമാണ് ആരാധനകൾക്കർഹൻ.

## നിന്റെ രക്ഷിതാവിനെ എങ്ങനെ മനസ്സിലാക്കാം?

അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിലൂടെയും സൃഷ്ടികളിലൂടെയും അവനെ മനസ്സിലാക്കാൻ സാധിക്കും.രാവും പകലും സൂര്യനും ചന്ദ്രനും അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ്. ഏഴ് ആകാശങ്ങളും അവയിലുള്ളതും ഏഴ് ഭൂമിയും അവയിലുള്ളതും ആകാശ ഭൂമികൾക്കിടയിലുള്ളതുമെല്ലാം അല്ലാഹുവിന്റെ സൃഷ്ടികളാണ്. അല്ലാഹു പറയുന്നു:

﴿ وَمِنْ ءَايَـٰتِهِ ٱلَّيْلُ وَٱلنَّهَارُ وَٱلشَّمْسُ وَٱلْقَمَرُ ۚ لَا تَسْجُدُوا۟ لِلشَّمْسِ وَلَا لِلْقَمَرِ وَٱسْجُدُوا۟ لِلَّهِ ٱلَّذِى خَلَقَهُنَّ إِن كُنتُمْ إِيَّاهُ تَعْبُدُونَ ﴾

[فصلت: ٣٧]

"അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതത്രെ രാവും പകലും സൂര്യനും ചന്ദ്രനും. സൂര്യനോ ചന്ദ്രനോ നിങ്ങൾ പ്രണാമം ചെയ്യരുത്. അവനെ സൃഷ്ടിച്ചവനായ അല്ലാഹുവിന് നിങ്ങൾ പ്രണാമം ചെയ്യുക. നിങ്ങൾ അവനെയാണ് ആരാധിക്കുന്നതെങ്കിൽ" (ഫുസ്സിലത്ത് : 37)

﴿إِنَّ رَبَّكُمُ ٱللَّهُ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ يُغْشِى ٱلَّيْلَ ٱلنَّهَارَ يَطْلُبُهُۥ حَثِيثًا وَٱلشَّمْسَ وَٱلْقَمَرَ وَٱلنُّجُومَ مُسَخَّرَٰتٍۭ بِأَمْرِهِۦٓ ۗ أَلَا لَهُ ٱلْخَلْقُ وَٱلْأَمْرُ ۗ تَبَارَكَ ٱللَّهُ رَبُّ ٱلْعَٰلَمِينَ﴾ [الأعراف: ٥٤]

"തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് ആറു ദിവസങ്ങളിലായി (ഘട്ടങ്ങളിലായി) ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവനായ അല്ലാഹുവാകുന്നു. എന്നിട്ടവൻ സിംഹാസനസ്ഥനായിരിക്കുന്നു. രാത്രി കൊണ്ട് അവൻ പകലിനെ മൂടുന്നു. ദ്രുതഗതിയിൽ അത് പകലിനെ തേടി ചെല്ലുന്നു. സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും തന്റെ കൽപ്പനയ്ക്ക് വിധേയമാക്കപ്പെട്ട നിലയിൽ (അവൻ സൃഷ്ടിച്ചിരിക്കുന്നു) അറിയുക: സൃഷ്ടിപ്പും ശാസനാധികാരവും അവന്നു തന്നെയാണ്. ലോകരക്ഷിതാവായ അല്ലാഹു മഹത്വ പൂർണ്ണനായിരിക്കുന്നു". (അഅ്റാഫ്:54).

## നിന്റെ ദീൻ ഏത് ?

എന്റെ ദീൻ ഇസ്‌ലാമാണ്. ഇസ്‌ലാമെന്നാൽ പരമമായ കീഴ്‌വണക്കം അല്ലാഹുവിന് മാത്രം സമർപ്പിക്കുക എന്നർത്ഥം. അല്ലാഹു പറയുന്നു:

﴿ٱلدِّينَ عِندَ ٱللَّهِ ٱلۡإِسۡلَٰمُ﴾ [آل عمران : ١٩]

നിശ്ചയം അല്ലാഹുവിങ്കൽ മതം എന്നാൽ ഇസ്‌ലാമാകുന്നു.

﴿وَمَن يَبۡتَغِ غَيۡرَ ٱلۡإِسۡلَٰمِ دِينٗا فَلَن يُقۡبَلَ مِنۡهُ وَهُوَ فِي ٱلۡأٓخِرَةِ مِنَ ٱلۡخَٰسِرِينَ﴾ [آل عمران : ٨٥]

"മതമായി ഇസ്‌ലാമിനെയല്ലാതെ ആരെങ്കിലും സ്വീകരിക്കുന്ന പക്ഷം അതവനിൽ നിന്നും സ്വീകരിക്കപ്പെടുന്നതല്ല അവൻ പരലോകത്ത് നഷ്ടക്കാരിലായിരിക്കുകയും ചെയ്യും"

﴿ٱلۡيَوۡمَ أَكۡمَلۡتُ لَكُمۡ دِينَكُمۡ وَأَتۡمَمۡتُ عَلَيۡكُمۡ نِعۡمَتِي وَرَضِيتُ لَكُمُ ٱلۡإِسۡلَٰمَ دِينٗا﴾ [المائدة : ٣]

"ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ നിങ്ങൾക്ക് ഞാൻ തൃപ്തിപ്പെട്ട് തന്നിരിക്കുന്നു.'' (മാഇദ: 3)

## ഈമതം സ്ഥാപിക്കപ്പെട്ടിരിക്കുന്ന അടിസ്ഥാന കാര്യങ്ങൾ ഏവ ?

അഞ്ച് സ്തംഭങ്ങളിന്മേലാണ് ഈ മതം സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ഇവക്ക് ഇസ്‌ലാം കാര്യങ്ങൾ എന്ന്പറയുന്നു.

1) (لا إله إلا الله ، محمد رسول الله) അല്ലാഹു അല്ലാതെ ഒരു ആരാധ്യനുമില്ലെന്നും മുഹമ്മദ് നബി ﷺ അല്ലാഹുവിന്റെ അടിമയും ദൂതനുമാണെന്നുമുളള സാക്ഷ്യവാക്യങ്ങൾ.
2) നമസ്കാരം നിലനിറുത്തൽ.
3) സക്കാത്ത് കൊടുക്കൽ.
4) റമളാൻ മാസത്തിൽ നോമ്പനുഷ്ഠിക്കൽ.
5) സാധ്യമാവുന്നവർ കഅ്ബത്തിങ്കൽപോയി ഹജ്ജ് നിർവ്വഹിക്കൽ എന്നിവയാണത്.

## ഈമാൻ കാര്യങ്ങൾ ഏവ ?

ഈമാൻ കാര്യങ്ങൾ ആറെണ്ണമാണ്.

1.അല്ലാഹുവിൽ വിശ്വസിക്കുക.
2.അല്ലാഹുവിന്റെ മലക്കുകളിൽ വിശ്വസിക്കുക.
3.അല്ലാഹുവിന്റെ ഗ്രന്ഥങ്ങളിൽ വിശ്വസിക്കുക.
4.അല്ലാഹുവിന്റെ ദൂതൻമാരിൽ വിശ്വസിക്കുക.
5.പരലോകത്തിൽ വിശ്വസിക്കുക.
6.നന്മയും തിൻമയും അല്ലാഹുവിൽ നിന്നാ

ണെന്ന് വിശ്വസിക്കുക. അല്ലാഹു പറയുന്നു:

﴿ءَامَنَ ٱلرَّسُولُ بِمَآ أُنزِلَ إِلَيۡهِ مِن رَّبِّهِۦ وَٱلۡمُؤۡمِنُونَۚ كُلٌّ ءَامَنَ بِٱللَّهِ وَمَلَٰٓئِكَتِهِۦ وَكُتُبِهِۦ وَرُسُلِهِۦ﴾ [البقرة : ٢٨٥]

"തന്റെ രക്ഷിതാവിൽ നിന്ന് തനിക്ക് അവതരിപ്പിക്കപ്പെട്ടതിൽ റസൂൽ വിശ്വസിച്ചിരിക്കുന്നു. (അതിനെ തുടർന്ന്) സത്യവിശ്വാസികളും. അവരെല്ലാം അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദഗ്രന്ഥങ്ങളിലും അവന്റെ ദൂതൻമാരിലും വിശ്വസിച്ചിരിക്കുന്നു". (അൽ ബഖറ : 285)

## എന്താണ് ഇഹ്സാൻ ?

അല്ലാഹുവിനെ നീ കാണുന്നതുപോലെ അവനെ ആരാധിക്കലാണ് ഇഹ്സാൻ. നീ അവനെ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നുണ്ട്. അല്ലാഹു പറയുന്നു:

﴿إِنَّ ٱللَّهَ مَعَ ٱلَّذِينَ ٱتَّقَواْ وَّٱلَّذِينَ هُم مُّحۡسِنُونَ﴾ [النحل : ١٢٨]

നിശ്ചയമായും അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരോടും നൻമ ചെയ്യുന്നവരോടുമൊപ്പമാണ്.'' (നഹ്ൽ : 128 )

**നിന്റെ പ്രവാചകൻ ആര് ?**

ഹാശിമിന്റെ മകൻ, അബ്ദുൽ മുത്വലിബിന്റെ മകൻ, അബ്ദുല്ലയുടെ മകൻ മുഹമ്മദ് (ﷺ) ആണ് എന്റെ പ്രവാചകൻ. ഹാശിം ഖുറൈശി ഗോത്രത്തിലും ഖുറൈശ് കിനാന ഗോത്രത്തിലും പെട്ടവരാണ്. കിനാന ഗോത്രം അറബികളും അറബികളാകട്ടെ ഇബ്റാഹീം (عليه السلام) യുടെ മകൻ ഇസ്മാഈൽ (عليه السلام) യുടെ സന്താന പരമ്പരയിലും ഇബ്റാഹീം (عليه السلام) നൂഹ് നബി (عليه السلام) യുടെ സന്താന പരമ്പരയിലും ജനിച്ചവരാണ്.

**ഏത് ആയത്തിലൂടെയാണ് അദ്ദേഹം നബിയായത് ? ഏത് ആയത്തിലൂടെയാണ് അദ്ദേഹം റസൂലായത് ?**

ഇഖ്റഅ്ലൂടെ അദ്ദേഹം നബിയും മുദ്ദസിറിലൂടെ അദ്ദേഹം റസൂലുമായി.

**അദ്ദേഹത്തിന്റെ അമാനുഷിക ദൃഷ്ടാന്തം എന്ത്?**

വിശുദ്ധ ഖുർആനാണ് അദ്ദേഹത്തിന്റെ അമാനുഷിക ദൃഷ്ടാന്തം. അതിലുള്ളതിനു സമാനമായ ഒരു അധ്യായമെങ്കിലും കൊണ്ടുവരുവാൻ മുഴുവൻ സൃഷ്ടികൾക്കും സാധ്യ

മായില്ല. പ്രവാചകനോടും അനുയായികളോടും ശക്തമായ ശത്രുതയും വെറുപ്പും ഉള്ളതോടൊപ്പം, സാഹിത്യത്തിലും ഭാഷാപാടവത്തിലും നിപുണന്മാരായിരുന്നിട്ടു കൂടി (മക്കാ മുശ്രിക്കുകൾക്കും) അതിന് സാധ്യമായില്ല. അല്ലാഹു പറയുന്നു:

﴿وَإِن كُنتُمْ فِي رَيْبٍ مِّمَّا نَزَّلْنَا عَلَىٰ عَبْدِنَا فَأْتُوا بِسُورَةٍ مِّن مِّثْلِهِ وَادْعُوا شُهَدَاءَكُم مِّن دُونِ اللَّهِ إِن كُنتُمْ صَادِقِينَ﴾ [البقرة : ٢٣]

നമ്മുടെ അടിമക്ക് നാം അവതരിപ്പിച്ച് കൊടുത്തതിനെ (വിശുദ്ധ ഖുർആനെ) പറ്റി നിങ്ങൾ സംശയാലുക്കളാണെങ്കിൽ അതിന്റേതു പോലുള്ള ഒരു അധ്യായമെങ്കിലും നിങ്ങൾ കൊണ്ട് വരിക. അല്ലാഹുവിന് പുറമേ നിങ്ങൾക്കുള്ള സഹായികളെയും വിളിച്ച് കൊള്ളുക. നിങ്ങൾ സത്യവാൻമാരാണെങ്കിൽ".(അതാണല്ലോ വേണ്ടത്) (അൽ ബഖറ : 23)

﴿قُل لَّئِنِ اجْتَمَعَتِ الْإِنسُ وَالْجِنُّ عَلَىٰ أَن يَأْتُوا بِمِثْلِ هَٰذَا الْقُرْآنِ لَا يَأْتُونَ بِمِثْلِهِ وَلَوْ كَانَ بَعْضُهُمْ لِبَعْضٍ ظَهِيرًا﴾ [الإسراء : ٨٨]

"നബിയേ പറയുക: ഈ ഖുർആൻ പോലൊന്ന് കൊണ്ട് വരുന്നതിനായി മനുഷ്യരും ജിന്നുകളും ഒന്നിച്ച് ചേർന്നാലും തീർച്ചയായും അതു പോലൊന്ന് അവർ കൊണ്ട് വരികയില്ല. അവ

രിൽ ചിലർ ചിലർക്ക് പിന്തുണ നൽകുന്നതായാൽ പോലും" (ഇസ്റാഅ് : 88)

**അദ്ദേഹം അല്ലാഹുവിന്റെ ദൂതനാണെന്നതിന് തെളിവെന്ത് ?**

അല്ലാഹു പറയുന്നു:

﴿وَمَا مُحَمَّدٌ إِلَّا رَسُولٌ قَدْ خَلَتْ مِن قَبْلِهِ ٱلرُّسُلُ ۚ أَفَإِيْن مَّاتَ أَوْ قُتِلَ ٱنقَلَبْتُمْ عَلَىٰٓ أَعْقَـٰبِكُمْ ۚ وَمَن يَنقَلِبْ عَلَىٰ عَقِبَيْهِ فَلَن يَضُرَّ ٱللَّهَ شَيْـًٔا ۗ وَسَيَجْزِى ٱللَّهُ ٱلشَّـٰكِرِينَ﴾ [آل عمران : ١٤٤]

"മുഹമ്മദ് ഒരു ദൂതൻ മാത്രമാണ്. അദ്ദേഹത്തിനു മുമ്പും ദൂതൻമാർ കഴിഞ്ഞു പോയിട്ടുണ്ട്. അപ്പോൾ അദ്ദേഹം മരിക്കുകയോ, കൊല്ലപ്പെടുകയോ ചെയ്താൽ നിങ്ങൾ പുറകോട്ട് തിരിച്ച് പോകുകയോ? ആരെങ്കിലും പുറകോട്ടു തിരിച്ച് പോകുന്ന പക്ഷം അല്ലാഹുവിന് ഒരു ദ്രോഹവും അത് വരുത്തുകയില്ല. നന്ദി കാണിക്കുന്നവർക്ക് അല്ലാഹു തക്കതായ പ്രതിഫലം നൽകുന്നതാണ് "(ആലു ഇംറാൻ: 144)

വീണ്ടും അല്ലാഹു പറയുന്നു:

﴿مُّحَمَّدٌ رَّسُولُ ٱللَّهِ ۚ وَٱلَّذِينَ مَعَهُۥٓ أَشِدَّآءُ عَلَى ٱلْكُفَّارِ رُحَمَآءُ بَيْنَهُمْ ۖ تَرَىٰهُمْ رُكَّعًا سُجَّدًا يَبْتَغُونَ فَضْلًا مِّنَ ٱللَّهِ وَرِضْوَٰنًا﴾ [الفتح : ٢٩]

"മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു. അദ്ദേ

ഹത്തോടൊപ്പമുള്ളവർ സത്യ നിഷേധികളുടെ നേരെ കർക്കശമായി വർത്തിക്കുന്നവരാകുന്നു. അവർ അന്യോന്യം ദയാലുക്കളുമാകുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടിക്കൊണ്ട് അവർ കുമ്പിട്ടും സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്നതായി നിനക്ക് കാണാം". (ഫത്ഹ് : 29)

## മുഹമ്മദ് നബി(സ) യുടെ പ്രവാചകത്വത്തിന്റെ തെളിവ് എന്ത്?

അല്ലാഹു പറയുന്നു:

﴿ مَّا كَانَ مُحَمَّدٌ أَبَآ أَحَدٍ مِّن رِّجَالِكُمْ وَلَٰكِن رَّسُولَ ٱللَّهِ وَخَاتَمَ ٱلنَّبِيِّـۧنَ ﴾

[الأحزاب : ٤٠]

"മുഹമ്മദ് നിങ്ങളുടെ പുരുഷൻമാരിൽ ഒരാളുടെയും പിതാവായിട്ടില്ല. പക്ഷെ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകൻമാരിൽ അവസാനത്തെ ആളുമാകുന്നു.(അഹ്സാബ് :40)

## അല്ലാഹു മുഹമ്മദ് നബി (ﷺ) യെ നിയോഗിച്ച ദൗത്യമെന്ത്?

ഏകനും പങ്കുകാരനില്ലാത്തവനുമായ അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ, അവന്റെ കൂടെ മറ്റൊരു ആരാധ്യനെയും സ്വീകരി ക്കാ

ൻ പാടില്ല എന്ന ദൗത്യവുമായാണ് അല്ലാഹു നബി (ﷺ) യെ നിയോഗിച്ചയച്ചത്. മലക്കുകൾ, പ്രവാചകൻമാർ, സദ്‌വൃത്തരായ ആളുകൾ പോലെയുള്ള മഹാന്മാരെയും കല്ല്, മരം തുടങ്ങി സകല വസ്തുക്കളെയും ആരാധിക്കുന്നതിൽ നിന്നും അദ്ദേഹം ജനങ്ങളെ വിരോധിച്ചു. അല്ലാഹു പറയുന്നു:

﴿وَمَآ أَرْسَلْنَا مِن قَبْلِكَ مِن رَّسُولٍ إِلَّا نُوحِىٓ إِلَيْهِ أَنَّهُۥ لَآ إِلَٰهَ إِلَّآ أَنَا۠ فَٱعْبُدُونِ﴾

[الأنبياء : ٢٥]

'ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല' (അമ്പിയാഅ്: 25).

﴿وَلَقَدْ بَعَثْنَا فِى كُلِّ أُمَّةٍ رَّسُولًا أَنِ ٱعْبُدُوا۟ ٱللَّهَ وَٱجْتَنِبُوا۟ ٱلطَّٰغُوتَ﴾

[النحل : ٣٦]

"തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി). (നഹ്ൽ : 36).

﴿وَسْـَٔلْ مَنْ أَرْسَلْنَا مِن قَبْلِكَ مِن رُّسُلِنَآ أَجَعَلْنَا مِن دُونِ ٱلرَّحْمَٰنِ ءَالِهَةً يُعْبَدُونَ﴾ [الزخرف : ٤٥]

"നിനക്ക്മുമ്പ് നമ്മുടെ ദൂതന്മാരായി നാം അയച്ച വരോട് ചോദിച്ച്നോക്കുക.പരമകാരുണികന് പുറമെ ആരാധിക്കപ്പെടേണ്ട വല്ല ദൈവങ്ങളെയും നാം നിശ്ചയിച്ചിട്ടുണ്ടോ എന്ന് "(സുഖ്റുഫ് : 45).

﴿وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ﴾ [الذاريات : ٥٦]

"ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല". (ദാരിയാത്ത് : 56).

അല്ലാഹു സൃഷ്ടികളെ സൃഷ്ടിച്ചത് അവനെ ആരാധിക്കുവാനും ആരാധനയിൽ അവനെ ഏകനാക്കുവാനും വേണ്ടിയാണെന്നും അല്ലാഹുവിന്റെ അടിമകളെ ആ ദൗത്യത്തിലേക്ക് ക്ഷണിക്കുവാൻ വേണ്ടിയാണ് അവൻ തന്റെ ദൂതന്മാരെ അവരിലേക്ക് നിയോഗിച്ചയച്ചതെന്നും ഈ ആയത്തുകൾ പഠിപ്പിക്കുന്നു.

## തൗഹീദുർറുബൂബിയ്യത്തും തൗഹീദുൽ ഉലൂഹിയ്യത്തും തമ്മിലുള്ള വ്യത്യാസമെന്ത്?

സൃഷ്ടിപ്പ്, ഭക്ഷണം നൽകൽ, ജീവിപ്പിക്കൽ, മരിപ്പിക്കൽ, മഴ വർഷിപ്പിക്കൽ, സസ്യലതാദികൾ മുളപ്പിക്കൽ, കാര്യങ്ങൾ നിയന്ത്രിക്കൽ പോലെയുള്ള പ്രവർത്തികളിൽ അല്ലാഹുവി

നെ ഏകനാക്കുകയും അതിൽ ആരെയും പങ്ക് ചേർക്കാതിരിക്കുകയും ചെയ്യലാണ് തൗഹീദുറുബൂബിയ്യത്ത് അഥവാ രക്ഷാകർ തൃത്വത്തിലുള്ള ഏകത്വം. പ്രാർത്ഥന, ഭയം, ആഗ്രഹം, ഭരമേൽപ്പിക്കൽ, നേർച്ച, സഹായാർത്ഥന, പോലെയുള്ള ആരാധനകൾ അല്ലാഹുവിന് മാത്രം അർപ്പിക്കുകയും അതിൽ ഒരാളെയും പങ്ക് ചേർക്കാതിരിക്കുകയും ചെയ്യലാണ് തൗഹീദുൽ ഉലൂഹിയ്യത്ത് അഥവാ ആരാധനയിലുള്ള ഏകത്വം.

(മക്കാ മുശ്രിക്കുകൾ തൗഹീദുർറുബൂബിയത്തിനെ അംഗീകരിച്ചിരുന്നു. എന്നാൽ അതവരെ ഇസ്‌ലാമിൽ പ്രവേശിപ്പിച്ചില്ല. കാരണം തൗഹീദുൽ ഉലൂഹിയ്യത്തിനെ അവർ അംഗീകരിച്ചിരുന്നില്ല. വിവ:)

**അല്ലാഹുവിനല്ലാതെ മറ്റാർക്കും അർപ്പിക്കപ്പെടാൻ പാടില്ലാത്ത ആരാധനയുടെ ഇനങ്ങൾ ഏതെല്ലാം?**

പ്രാർത്ഥന, സഹായാർത്ഥന, ആപൽ ഘട്ടങ്ങളിലുള്ള സഹായാർത്ഥന, ബലിയറുക്കൽ, നേർച്ചയാക്കൽ, ഭീതി, താൽപര്യം, ഭരമേൽപ്പിക്കൽ, സ്നേഹം, ഭയം, ആഗ്രഹം, ഭക്തി, റുകൂഅ്, സുജൂദ്, കീഴ്വണക്കം, മഹത്വപ്പെടുത്തൽ,

പോലെയുള്ള കാര്യങ്ങൾ അതിൽ പെട്ടതാണ്. ഇവ അല്ലാഹുവിന് വേണ്ടി മാത്രം അർപ്പിക്കേണ്ടുന്ന പ്രത്യേകതയോടും ഭാവത്തോടും കൂടി സൃഷ്ടികൾക്ക് അർപ്പിക്കൽ ശിർക്കാണ്.

**അല്ലാഹുവിന്റെ കൽപ്പനകളിൽ ഏറ്റവും മഹത്തായത് ഏത്? അവൻ വിരോധിച്ച കാര്യങ്ങളിൽ ഏറ്റവും ഗൗരവമേറിയത് ഏത്?**

അല്ലാഹു കൽപ്പിച്ചതിൽ ഏറ്റവും മഹത്തായത് ആരാധനകൾ അവന് മാത്രം അർപ്പിക്കുക എന്ന തൗഹീദാണ്. അവൻ വിരോധിച്ചവയിൽ ഏറ്റവും ഗൗരവമേറിയത് അവനിൽ പങ്ക് ചേർക്കുക എന്ന ശിർക്കാണ്. അല്ലാഹുവിന്റെ കൂടെ മറ്റുള്ളവരോട് പ്രാർത്ഥിക്കുക, അല്ലെങ്കിൽ ആരാധനയുടെ ഏതെങ്കിലും അംശം മറ്റുള്ളവർക്ക് സമർപ്പിക്കുക എന്നതാണ് ശിർക്ക്. ആരാധനയുടെ ഏതെങ്കിലും ഒരിനം അല്ലാഹു അല്ലാത്തവരിലേക്ക് ഉദ്ദേശിക്കപ്പെടുന്ന പക്ഷം അവൻ അവരെ ഫലത്തിൽ റബ്ബും ഇലാഹുമാക്കുകയും അല്ലാഹുവോടൊപ്പം മറ്റുള്ളവരെ പങ്കാളികളാക്കുകയുമാണ് ചെയ്തത്.

**അറിയലും അതനുസരിച്ച് പ്രവർത്തിക്കലും നിർബന്ധമായ മൂന്ന് കാര്യങ്ങൾ ഏവ?**

അല്ലാഹു നമ്മെ സൃഷ്ടിക്കുകയും നമു

ക്ക് ഭക്ഷണം തരികയും ചെയ്തു. ശേഷം അവൻ നമ്മെ അലസമായി ഉപേക്ഷിച്ചില്ല. മറിച്ച് നമ്മിലേക്ക് സൻമാർഗ്ഗ ദർശനവുമായി ഒരു ദൂതനെ അയച്ചു തന്നു. അദ്ദേഹത്തെ അനുസരിക്കുന്നവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും.

തനിക്കുള്ള ആരാധനയിൽ മറ്റാരെയെങ്കിലും പങ്ക് ചേർക്കുന്നതിനെ അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല. അത്, സാമീപ്യം ലഭിക്കപ്പെട്ട മലക്കായാലും നിയോഗിച്ചയക്കപ്പെട്ട ദൂതനായാലും ശരി.

തൗഹീദ് ഉൾക്കൊള്ളുകയും റസൂലിനെ അനുസരിക്കുകയും ചെയ്ത ഒരാൾക്കും അല്ലാഹുവോടും റസൂലിനോടും ശത്രുത പുലർത്തുന്നവരുമായി സ്നേഹബന്ധം വെച്ചു പുലർത്താൻ പാടില്ല. അവർ അടുത്ത ബന്ധുക്കളാണെങ്കിൽ പോലും.

## അല്ലാഹു എന്ന പദത്തിന് അർത്ഥമെന്ത്?

തന്റെ മുഴുവൻ സൃഷ്ടികളുടെയും മേൽ, ദിവ്യത്വവും അടിമത്വവും ഉടമപ്പെടുത്തിയവൻ എന്നർത്ഥം.

**അല്ലാഹു നിന്നെ സൃഷ്ടിച്ചത് എന്തിന്?**

അവന് ആരാധന ചെയ്യുവാൻ വേണ്ടിയാണ്.

**അവനുള്ള ആരാധന എന്ത്?**

അവനെ ഏകനാക്കലും അനുസരിക്കലുമാണ്.

**അതിനുള്ള തെളിവെന്ത്?**

അല്ലാഹു പറയുന്നു:

﴿وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ﴾ [الذاريات : ٥٦]

"ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല". (ദാരിയാത്ത്: 56).

**അല്ലാഹു നമുക്ക് നിർബന്ധമാക്കിയ ഒന്നാമത്തെ കാര്യമെന്ത്?**

ത്വാഗൂത്തിൽ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുക എന്നതാണ്. അല്ലാഹു പറയുന്നു:

﴿لَآ إِكْرَاهَ فِى ٱلدِّينِ ۖ قَد تَّبَيَّنَ ٱلرُّشْدُ مِنَ ٱلْغَىِّ ۚ فَمَن يَكْفُرْ بِٱلطَّٰغُوتِ وَيُؤْمِنۢ بِٱللَّهِ فَقَدِ ٱسْتَمْسَكَ بِٱلْعُرْوَةِ ٱلْوُثْقَىٰ لَا ٱنفِصَامَ لَهَا ۗ وَٱللَّهُ سَمِيعٌ عَلِيمٌ﴾ [البقرة : ٢٥٦]

"മതത്തിന്റെ കാര്യത്തിൽ ബലപ്രയോഗമേ ഇല്ല.

സന്മാർഗ്ഗം ദുർമാർഗ്ഗത്തിൽ നിന്ന് വ്യക്തമായി വേർതിരിഞ്ഞ് കഴിഞ്ഞിരിക്കുന്നു. ആകയാൽ ഏതൊരാൾ ദുർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു. അത് പൊട്ടിപ്പോവുകയേ ഇല്ല. അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നവനുമാകുന്നു". (ബഖറ: 256).

## ബലമുള്ള കയർ ഏത്?

അത് (لا إله إلا الله) എന്ന വചനമാണ്. (لا إله) (ആരാധ്യനില്ല) എന്നത് നിഷേധവും (إلا الله) (അല്ലാഹു അല്ലാതെ) എന്നത് സ്ഥിരീകരിക്കലുമാണ്.

## ഇവിടെ എന്തിനെയാണ് നിഷേധിക്കുന്നത്?. എന്തിനെയാണ് സ്ഥിരീകരിക്കുന്നത്?

അല്ലാഹുവിന് പുറമേ ആരാധിക്കപ്പെടുന്ന സകലതിനെയും ഇവിടെ നിഷേധിക്കുന്നു. ഏകനും പങ്ക് കാരനില്ലാത്തവനുമായ അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്ന് സ്ഥിരീകരിക്കുകയും ചെയ്യുന്നു.

**അതിനുള്ള തെളിവെന്ത്?**

അല്ലാഹു പറയുന്നു:

﴿ وَإِذْ قَالَ إِبْرَاهِيمُ لِأَبِيهِ وَقَوْمِهِۦٓ إِنَّنِى بَرَآءٌ مِّمَّا تَعْبُدُونَ ﴾ [الزخرف : ٢٦]

"തന്റെ പിതാവിനോടും സമുദായത്തോടും ഇബ്രാഹീം (ﷺ) പറഞ്ഞ സന്ദർഭം, നിങ്ങൾ ആരാധിക്കുന്നവയിൽ നിന്നും ഞാൻ ഒഴിവായ വനാണ് എന്ന് ".

ഇത് (لا إله) എന്നതിന്റെ നിഷേധത്തിന് തെളിവാണ്. ഇതേ ആയത്തിന്റെ തുടർച്ചയായ (إلا الذي فطرني) എന്നെ സൃഷ്ടിച്ചവനൊഴികെ എന്ന ഇബ്രാഹീം (ﷺ) യുടെ വാക്ക് (إلا الله) അല്ലാഹു അല്ലാതെ എന്നതിലെ സ്ഥിരീകരണ ത്തിനും തെളിവാണ്.

**ത്വാഗൂത്തുകൾ എത്രയുണ്ട്?**

ധാരാളമുണ്ട്. അവരിൽ പ്രധാനികൾ അഞ്ചാണ്. ശപിക്കപ്പെട്ട പിശാച്, സ്വതൃപ്തി യോടെ ആരാധിക്കപ്പെടുന്നവൻ, ജനങ്ങളോടു തന്നെ ആരാധിക്കുവാൻ ആവശ്യപ്പെട്ടവൻ. അദൃശ്യമറിയും എന്ന് വാദിക്കുന്നവൻ. അല്ലാഹു അവതരിപ്പിച്ചതല്ലാത്ത നിയമം കൊണ്ട് വിധി നടത്തുന്നവൻ എന്നിവരാണ് അവർ.

**ശഹാദത്തു കലിമകൾക്ക് ശേഷം ഏറ്റവും ശ്രേഷ്ഠമായ കർമ്മങ്ങൾ എന്ത്?**

അവയിൽ ഏറ്റവും ശ്രേഷ്ഠം അഞ്ച് നേരത്തെ നമസ്കാരങ്ങളാണ്. അതിന് ചില നിബന്ധനകളും ചില ഘടകങ്ങളും ചില നിർബന്ധ കർമ്മങ്ങളുമുണ്ട്. അതിന്റെ ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകൾ:

1) മുസ്ലിമായിരിക്കുക.
2) ബുദ്ധിയുണ്ടായിരിക്കുക.
3) വകതിരിവുണ്ടായിരിക്കുക.
4) ചെറിയ അശുദ്ധിയിൽ നിന്നും വലിയ അശുദ്ധിയിൽ നിന്നും ശുദ്ധിയായിരിക്കുക.
5) നമസ്കരിക്കുന്ന ആളുടെ ദേഹവും വസ്ത്ര വും നമസ്കരിക്കുന്ന സ്ഥലവും മാലിന്യങ്ങളിൽ നിന്നും മുക്തമായിരിക്കുക.
6) നഗ്നത മറക്കുക.
7) ഖിബ്‌ലയെ അഭിമുഖീകരിക്കുക
8) നമസക്കാര സമയമായിട്ടുണ്ടെന്ന് അറിയുക.
9) ഉദ്ദേശ്യം (നിയ്യത്ത്) ഉണ്ടാവുക. ഇവയാണ് നമസ്കാരത്തിന്റെ നിബന്ധനകൾ അഥവാ ശർ ത്തുകൾ.

## നമസ്കാരത്തിന്റെ റുക്നുകൾ എത്ര? ഏതെല്ലാം?

നമസ്കാരത്തിന്റെ റുക്നുകൾ പതിനാലെണ്ണമാണ്.

1) കഴിവുള്ളവൻ നിന്ന് നമസ്കരിക്കൽ.
2) തക്ബീറത്തുൽ ഇഹ്റാം (നമസ്കാരത്തിലേക്ക് പ്രവേശിക്കുന്ന ആദ്യത്തെ തക്ബീർ)
3) ഫാതിഹ ഓതൽ.
4) റുകൂഅ്.
5) റുകൂഇൽ നിന്ന് ഉയരൽ.
6) ഏഴ് അവയവങ്ങളിൽ സുജൂദ് ചെയ്യൽ.
7) സുജൂദിൽ നിന്നും ഉയരൽ.
8) രണ്ട് സുജൂദുകൾക്കിടയിൽ ഇരിക്കൽ.
9) ഇവയിൽ ഓരോന്നിലും അടങ്ങിത്താമസിക്കൽ.
10) ക്രമമായി കൊണ്ട് വരൽ.
11) അവസാനത്തെ തശഹ്ഹുദ്.
12) അതിന് വേണ്ടി ഇരിക്കൽ.
13) നബി (ﷺ) യുടെ പേരിൽ സ്വലാത്ത് ചൊല്ലൽ.
14) സലാം വീട്ടൽ.

**നമസ്കാരത്തിന്റെ വാജിബാത്തുകൾ എത്ര? അവ ഏതെല്ലാം?**

എട്ട് വാജിബാത്തുകളാണ് നമസ്കാരത്തിനുള്ളത്. അവ ഇപ്രകാരമാണ്.

1) തക്ബീറത്തുൽ ഇഹ്റാം ഒഴികെയുള്ള മുഴുവൻ തക്ബീറുകളും.
2) റുകൂഇൽ (سبحان ربي العظيم) (സുബ്ഹാന റബ്ബിയൽ അളീം) എന്ന് ചൊല്ലൽ. സാരം: (മഹാനായ എന്റെ രക്ഷിതാവിന്റെ പരിശു ദ്ധിയെ ഞാൻ വാഴ്ത്തുന്നു).
3) തനിച്ച് നമസ്കരിക്കുന്നവനും ഇമാമും (سمع الله لمن حمده) (സമി അല്ലാഹു ലിമൻ ഹമിദഹു) എന്ന് ചൊല്ലൽ.
4) ഇമാമും മഅ്മൂമും തനിച്ച് നമസ്കരിക്കുന്നവനും (ربنا ولك الحمد) (റബ്ബനാ വലക്കൽ ഹംദ്) എന്ന് ചൊല്ലൽ.
5) സുജൂദിൽ (سبحان ربي الأعلى) (സുബ്ഹാന റബ്ബിയൽ അഅ്ലാ)എന്ന് ചൊല്ലൽ. സാരം: ഉന്നതനായ എന്റെ രക്ഷിതാവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു.
6) രണ്ട് സുജൂദുകൾക്കിടയിലെ ഇരുത്ത

ത്തിൽ (رب اغفر لي) (റബ്ബിഗ്ഫിർലീ) എന്ന പ്രാർത്ഥന ചൊല്ലൽ. സാരം: എന്റെ രക്ഷിതാവേ എനിക്ക് പൊറുത്തു തരേണമേ.

7) ആദ്യത്തെ തശഹ്ഹുദ്

8) അതിനുവേണ്ടി ഇരിക്കൽ.

ഇതൊഴികെയുള്ള വാക്കുകളും പ്രവർത്തനങ്ങളും നമസ്കാരത്തിന്റെ സുന്നത്തുകളാണ്.

**മരണശേഷം അല്ലാഹു സൃഷ്ടികളെ പുനർജീവിപ്പിക്കുമോ? അവരുടെ കർമ്മങ്ങളെ, നന്മകളെയും തിന്മകളെയും വിചാരണ ചെയ്യുമോ? അല്ലാഹുവിനെ അനുസരിച്ചവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുമോ? അല്ലാഹുവിനെ അവിശ്വസിച്ചവനും അവനിൽ മറ്റുള്ളവരെ പങ്ക് ചേർത്തവനും നരകത്തിൽ പ്രവേശിക്കുമോ ?**

അതെ. അല്ലാഹു പറയുന്നു:

﴿ زَعَمَ ٱلَّذِينَ كَفَرُوٓاْ أَن لَّن يُبۡعَثُواْۚ قُلۡ بَلَىٰ وَرَبِّي لَتُبۡعَثُنَّ ثُمَّ لَتُنَبَّؤُنَّ بِمَا عَمِلۡتُمۡۚ وَذَٰلِكَ عَلَى ٱللَّهِ يَسِيرٞ ﴾ [التغابن : ٧]

“തങ്ങൾ ഉയർത്തെഴുന്നേൽപ്പിക്കപ്പെടുകയില്ലെന്ന് അവിശ്വാസികൾ ജൽപ്പിച്ചു. (നബിയേ) പറയുക: അതെ, എന്റെ രക്ഷിതാവിനെ തന്നെയാണ് സത്യം, നിങ്ങൾ ഉയർത്തെഴുന്നേൽപ്പി

ക്കപ്പെടുക തന്നെ ചെയ്യും. പിന്നീട് നിങ്ങൾ പ്രവർത്തിച്ചതിനെപ്പറ്റി നിങ്ങൾക്ക് വിവരമറിയിക്കപ്പെടുകയും ചെയ്യും. അത് അല്ലാഹുവെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ളതാകുന്നു" (തഗാബുൻ : 7)

﴿مِنۡهَا خَلَقۡنَٰكُمۡ وَفِيهَا نُعِيدُكُمۡ وَمِنۡهَا نُخۡرِجُكُمۡ تَارَةً أُخۡرَىٰ﴾ [طه : ٥٥]

“അതിൽ (ഭൂമിയിൽ) നിന്നാണ് നിങ്ങളെ നാം സൃഷ്ടിച്ചത്. അതിലേക്ക് തന്നെ നിങ്ങളെ നാം മടക്കുന്നു. അതിൽ നിന്ന് തന്നെ മറ്റൊരു പ്രാവശ്യം നിങ്ങളെ നാം പുറത്ത് കൊണ്ട് വരികയും ചെയ്യും". (ത്വാഹാ:55) ഖുർആനിൽ ഈ വിഷയകമായി അനേകം വചനങ്ങൾ കാണാവുന്നതാണ്.

## അല്ലാഹു അല്ലാത്തവർക്കു വേണ്ടി അറുത്തവന്റെ വിധി എന്ത്?

അവന്റെ വിധി, അവൻ കാഫിറും മുർത്തദ്ദും (അവിശ്വാസിയും മതത്തിൽ നിന്ന് പുറത്ത് പോയവനും) ആണ്. അവൻ അറുത്തത് ഭക്ഷിക്കൽ അനുവദനീയമല്ല. അതിന് രണ്ട് കാരണങ്ങൾ തടസ്സമാണ്.

1) അത് മുർത്തദ്ദ് അറുത്തതാണ്. മുർത്തദ്ദ് അറുത്തത് അനുവദനീ യമല്ലെന്നത് മുസ്‌ലിം സമുദായത്തിന്റെ ഐക്യ കണ്ഠാഭിപ്രായം (ഇജ്മാഅ്) ആണ്.

2) അത് അല്ലാഹു അല്ലാത്തവർക്ക് വേണ്ടി അറുക്കപ്പെട്ട താണ്.

അല്ലാഹു അതിനെ ഹറാമാക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു പറയുന്നു:

﴿قُل لَّآ أَجِدُ فِي مَآ أُوحِيَ إِلَيَّ مُحَرَّمًا عَلَىٰ طَاعِمٍ يَطۡعَمُهُۥٓ إِلَّآ أَن يَكُونَ مَيۡتَةً أَوۡ دَمًا مَّسۡفُوحًا أَوۡ لَحۡمَ خِنزِيرٍ فَإِنَّهُۥ رِجۡسٌ أَوۡ فِسۡقًا أُهِلَّ لِغَيۡرِ ٱللَّهِ بِهِۦ﴾

[الأنعام: ١٤٥]

"(നബിയേ) പറയുക: എനിക്ക് ബോധനം നൽകപ്പെട്ടിട്ടുള്ളതിൽ ഒരു ഭക്ഷിക്കുന്നവന് ഭക്ഷിക്കുവാൻ പാടില്ലാത്തതായി യാതൊന്നും ഞാൻ കാണുന്നില്ല. അത് ശവമോ, ഒഴുക്കപ്പെട്ട രക്തമോ, പന്നി മാംസമോ ആണെങ്കിലൊഴികെ. കാരണം അത് മ്ളേച്ഛമത്രെ. അല്ലെങ്കിൽ അല്ലാഹു അല്ലാത്തവരുടെ പേരിൽ (നേർച്ചയാ യി) പ്രഖ്യാപിക്കപ്പെട്ടതിനാൽ അധാർമ്മികമാ യിത്തീർന്നിട്ടുള്ളതും ഒഴികെ ".(അൻആം: 145)

## ശിർക്കിന്റെ ഇനങ്ങൾ ഏവ?

ശിർക്ക് രണ്ട് വിധമുണ്ട്.

1) ഇസ്‌ലാമിൽ നിന്ന് പുറത്ത് പോകാൻ കാരണമാകുന്നത്. അഥവാ (شرك أكبر) (വലിയശിർക്ക്)

2) ഇസ്‌ലാമിൽ നിന്ന് പുറത്താക്കാത്ത ശിർക്ക്. അഥവാ (شرك أصغر) ചെറിയശിർക്ക്. 'ജനങ്ങളെ കാണിക്കാൻ പ്രവർത്തിക്കൽ' (رياء) ഈ ഗണത്തിൽപ്പെടുന്നു.

മരിച്ചവരിൽ നിന്നും ആവശ്യങ്ങൾക്ക് പരിഹാരം തേടുക, അവരോടു സഹായം അർത്ഥിക്കുക, അവരിലേക്ക് സാമീപ്യം തേടുക, തുടങ്ങിയവ വൻശിർക്കിന്റെ രൂപങ്ങളാണ്. ഇതാണ് ആഗോള ശിർക്കിന്റെ കാതൽ. മരണപ്പെട്ടവർ അവരുടെ ഭൗതിക കർമ്മങ്ങളു മായി ബന്ധം മുറിഞ്ഞവരാണ്. അവർ അവർക്കു വേണ്ടി പോലും ഉപകാരമോ ഉപദ്രവമോ അധീനമാക്കാത്തവരാണ്. എന്നിരിക്കെ അവരോടു സഹായം തേടുന്നവർക്ക് അവർ എങ്ങിനെ സഹായം നൽകും? ഇവർക്ക് വേണ്ടി അല്ലാഹുവോട് ശുപാർശ ചെയ്യുവാൻ അവർക്കെങ്ങനെ സാധി

ക്കും.? മരണപ്പെട്ടവരാകട്ടെ, തന്നോട് ശുപാർശ ചെയ്യുന്നവനെ കുറിച്ചും തേടപ്പെടുന്നവനെക്കുറിച്ചും അജ്ഞരാണ്. അല്ലാഹുവിങ്കലാവട്ടെ അവന്റെ അനുവാദത്തോടുകൂടിയല്ലാതെ ഒരാൾക്കും ശുപാർശ ചെയ്യാനും സാധ്യമല്ല. ഇയാൾക്ക് ശുപാർശക്ക് അനുവാദം ലഭിക്കാൻ മറ്റാർക്കും ചോദിക്കാനുള്ള അവസരവും അല്ലാഹു ഉണ്ടാക്കിയിട്ടില്ല. ശുപാർശ ചെയ്യപ്പെടാൻ തൗഹീദ് പൂർണ്ണമാവേണ്ടതുണ്ട്താനും. ഈ മുശ്രിക്കാവട്ടെ വന്നിരിക്കുന്നത് ശുപാർശ ലഭിക്കുന്നത് തടയപ്പെടുന്ന പ്രധാന കാരണവുമായിട്ടാണ്.(ജനങ്ങളെ കാണിക്കാൻ വേണ്ടി പ്രവർത്തിക്കൽ അഥവാ (رياء) ചെറിയ ശിർക്കിന്റെ രൂപമാണ്. തൗഹീദിന്റെ വക്താക്കളും ജാഗ്രത കൊള്ളേണ്ടുന്ന ഒരു വിപത്താണിത്. വിവ:)

## കാപട്യത്തിന്റെ ഇനങ്ങൾ ഏവ ?

കാപട്യം രണ്ട് തരമുണ്ട്. വിശ്വാസപരമായ കപടതയും കർമ്മപരമായ കപടതയും.

വിശ്വാസപരമായ കപടത ഖുർആനിൽ പല പ്രാവശ്യം പറഞ്ഞിട്ടുണ്ട്. ഈ കാപട്യമുള്ളവർക്ക് അല്ലാഹു നരകത്തിന്റെ അടിയിലെ തട്ട്

നിർബന്ധമാക്കിയിരിക്കുന്നു. എന്നാൽ പ്രവർത്തനത്തിലെ കാപട്യം നബി (ﷺ) പഠിപ്പിക്കുന്നു. അദ്ദേഹം പറയുന്നു:

«أربع من كن فيه كان منافقاً خالصاً ومن كانت فيه خصلة منهن كانت فيه خصلة من النفاق حتى يدعها: إذا حدث كذب، وإذا عاهد غدر، وإذا خاصم فجر، وإذا اؤتمن خان».

"നാലു കാര്യങ്ങൾ ഒരാളിൽ ഉണ്ടായാൽ അയാൾ തനിച്ച കപട വിശ്വാസിയായിത്തീരുന്നു. അവയിൽ ഏതെങ്കിലും ഒന്ന് ഒരാളിൽ ഉണ്ടാവുന്ന പക്ഷം, അത് ഒഴിവാകുന്നത് വരെ അയാളിൽ കാപട്യത്തിന്റെ ഒരംശം ഉണ്ടായിരിക്കും.

1) സംസാരിച്ചാൽ കളവ് പറയും.
2) കരാർ ചെയ്താൽ ലംഘിക്കും.
3) തമ്മിൽ തെറ്റി യാൽ നെറികേട് കാണിക്കും
4) വിശ്വസിച്ചാൽ ചതിക്കും."

മറ്റൊരു റിപ്പോർട്ടിൽ ഇപ്രകാരം കാണാം. നബി (ﷺ) പറഞ്ഞു

«آية المنافق ثلاث: إذا حدث كذب، وإذا وعد أخلف، وإذا اؤتمن خان».

"കപട വിശ്വാസിയുടെ ലക്ഷണങ്ങൾ മൂന്നാണ്.

1) സംസാരിച്ചാൽ കളവ് പറയും.

2) വാഗ്ദത്തം ചെയ്താൽ ലംഘിക്കും.

3) വിശ്വസിച്ചാൽ ചതി ക്കും".

ചില മഹാൻമാരുടെ അഭിപ്രായങ്ങൾ ഇപ്രകാരമാണെന്ന് കാണാം. കർമ്മപരമായ ഈ കാപട്യങ്ങൾ ചിലപ്പോൾ ഇസ്ലാമിനോടൊപ്പം തന്നെ ചിലരിൽ കാണപ്പെട്ടു എന്നു വരാം. എന്നാൽ ഇത്തരം കാപട്യം ഒരാളിൽ പൂർണ്ണമായാൽ അയാൾ ഇസ്ലാമിൽ നിന്ന് മുഴുവനായും പുറത്ത് പോവുന്നതാണ്. അയാൾ നമസ്കരിക്കുകയും നോമ്പനുഷ്ഠിക്കുകയും താൻ മുസ്ലിമാണെന്ന് അയാൾ വാദിക്കുകയും ചെയ്താലും ശരി. കാരണം യഥാർത്ഥ ഈമാൻ ഇത്തരം വീഴ്ചകളെ വിരോധിക്കുന്നു. അതിനാൽ ഒരാളിൽ ഇവ പൂർണ്ണമായാൽ, അയാളെ യാതൊന്നും അതിൽ നിന്നും തടയുന്നുമില്ല എങ്കിൽ, അയാൾ തനിച്ച കപട വിശ്വാസി തന്നെയാണ്.

**ഇസ്ലാം മതത്തിന്റെ രണ്ടാമത്തെ പദവി ഏത്?**

ഈമാൻ (വിശ്വാസം) ആണ്.

**ഈമാന് എത്ര ശാഖകളുണ്ട്?**

എഴുപതിൽ പരം ശാഖകളുണ്ട്. അതിൽ ഏറ്റവും ഉയർന്ന പദവിയിലുള്ളത് (لا إله إلا الله)

(ആരാധനക്കർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ല) എന്ന വചനമാണ്. അതിൽ ഏറ്റവും താഴ്ന്ന പടിയിലുള്ളത് വഴിയിൽ നിന്നും ഉപദ്രവങ്ങൾ നീക്കം ചെയ്യുക എന്നതാണ്. ലജ്ജ ഈമാനിന്റെ ഭാഗമാകുന്നു.

## ഈമാനിന്റെ സ്തംഭങ്ങൾ ഏവ?

ഈമാനിന്റെ സ്തംഭങ്ങൾ ആറാണ്. അല്ലാഹുവിൽ വിശ്വസിക്കുക. അവന്റെ മലക്കുകളിൽ വിശ്വസിക്കുക.അവന്റെ ഗ്രന്ഥങ്ങളിൽ വിശ്വസിക്കുക. അവന്റെ ദൂതന്മാരിൽ വിശ്വസിക്കുക. അന്ത്യ ദിനത്തിൽ വിശ്വസിക്കുക.

നന്മ തിന്മകൾ അല്ലാഹുവിങ്കൽ നിന്നാണെന്ന് വിശ്വസിക്കുക.

## ഇസ്ലാം മതത്തിന്റെ മൂന്നാമത്തെ പടി ഏത്?

ഇഹ്സാൻ (നന്മ) ആണ്. നീ അല്ലാഹുവിനെ കാണുന്നത് പോലെ അവനെ ആരാധിക്കുക. നീ അവനെ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നുണ്ട് എന്ന ആശയമാണ് ഇഹ്സാനിന്റെ ഏക സ്തംഭം.

## ഉയിർത്തെഴുനേൽപ്പിന് ശേഷം മനുഷ്യന്റെ അവസ്ഥ എന്ത്?

അവർ വിചാരണ ചെയ്യപ്പെടും. അവരുടെ പ്രവർത്തനങ്ങൾക്കനുസരിച്ച് പ്രതിഫലം നൽകപ്പെടുകയും ചെയ്യും. അല്ലാഹു പറയുന്നു:

﴿لِيَجْزِيَ الَّذِينَ أَسَاءُوا بِمَا عَمِلُوا وَيَجْزِيَ الَّذِينَ أَحْسَنُوا بِالْحُسْنَى﴾ [النجم : ٣١]

"തിന്മ പ്രവർത്തിച്ചവർക്ക് അവർ പ്രവർത്തിച്ചതിനനുസരിച്ചുള്ള പ്രതിഫലം നൽകുവാൻ വേണ്ടിയത്രെ അത്. നന്മ പ്രവർത്തിച്ചവർക്ക് ഏറ്റവും നല്ല പ്രതിഫലം നൽകുവാൻവേണ്ടിയും".(നജ്മ്:3)

## പുനർജീവിതത്തെ നിഷേധിച്ചവന്റെ വിധി എന്ത്?

അവൻ കാഫിറാണ്. അല്ലാഹു പറയുന്നു:

﴿زَعَمَ الَّذِينَ كَفَرُوا أَن لَّن يُبْعَثُوا ۚ قُلْ بَلَىٰ وَرَبِّي لَتُبْعَثُنَّ ثُمَّ لَتُنَبَّؤُنَّ بِمَا عَمِلْتُمْ ۚ وَذَٰلِكَ عَلَى اللَّهِ يَسِيرٌ﴾ [التغابن : ٧]

"തങ്ങൾ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുകയി ല്ലെന്ന് അവിശ്വാസികൾ ജൽപ്പിച്ചു. (നബിയേ) പറയുക: അതെ, എന്റെ രക്ഷിതാവിനെത്ത ന്നെയാണ് സത്യം, നിങ്ങൾ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടും. പിന്നീട് നിങ്ങൾ പ്രവർത്തിച്ചതിനെപ്പറ്റി

നിങ്ങൾക്ക് വിവരമറിയിക്കപ്പെടുകയും ചെയ്യും. അത് അല്ലാഹുവെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ളതാകുന്നു"

**അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്നും ത്വാഗൂത്തുകളെ വെടിയണമെന്നും കൽപ്പിച്ചുകൊണ്ട് അല്ലാഹു ദൂതന്മാരെ നിയോഗിച്ചിട്ടില്ലാത്ത വല്ല സമുദായവുമുണ്ടോ?**

ദൂതന്മാർ നിയോഗിക്കപ്പെടാത്ത ഒരു സമുദായവും കഴിഞ്ഞ് പോയിട്ടില്ല. അല്ലാഹു പറയുന്നു :

﴿ وَلَقَدۡ بَعَثۡنَا فِي كُلِّ أُمَّةٖ رَّسُولًا أَنِ ٱعۡبُدُواْ ٱللَّهَ وَٱجۡتَنِبُواْ ٱلطَّٰغُوتَ ﴾

[نحل : ٣٦]

"തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം (എന്ന് പ്രബോധനം ചെയ്യാൻ വേണ്ടി) (നഹ്ൽ : 36)

**തൗഹീദിന്റെ ഇനങ്ങൾ ഏവ?**

1) തൗഹീദുർറുബൂബിയ്യത്ത് അഥവാ രക്ഷാകർതൃത്വത്തിലുള്ള ഏകത്വം. ഈ തൗഹീ

ദിനെ മക്കാമുശ്‌രിക്കുകൾ അംഗീകരിച്ചിരുന്നു. പക്ഷെ അതവരെ ഇസ്‌ലാമിൽ പ്രവേശിപ്പിച്ചില്ല. അല്ലാഹു പറയുന്നു:

﴿ قُلْ مَن يَرْزُقُكُم مِّنَ ٱلسَّمَآءِ وَٱلْأَرْضِ أَمَّن يَمْلِكُ ٱلسَّمْعَ وَٱلْأَبْصَٰرَ وَمَن يُخْرِجُ ٱلْحَىَّ مِنَ ٱلْمَيِّتِ وَيُخْرِجُ ٱلْمَيِّتَ مِنَ ٱلْحَىِّ وَمَن يُدَبِّرُ ٱلْأَمْرَ ۚ فَسَيَقُولُونَ ٱللَّهُ ۚ فَقُلْ أَفَلَا تَتَّقُونَ ﴾ [يونس : ٣١]

"പറയുക:ആകാശത്തു നിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നതാരാണ്? അതല്ലെങ്കിൽ കേൾവിയും കാഴ്ചയും അധീനപ്പെടുത്തുന്നവനാരാണ് ? കാര്യങ്ങൾ നിശ്ചയിക്കുന്നതും ആരാണ്? അവർ പറയും: അല്ലാഹു എന്ന്. അപ്പോൾ പറയുക:എന്നിട്ടും നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ? (യൂനുസ് : 31 )

തൗഹീദുൽ ഉലൂഹിയ്യത്ത്, അഥവാ ആരാധനയിലുള്ള ഏകത്വം : മുഴുവൻ സൃഷ്ടി കളുടെയും ആരാധന അല്ലാഹുവിന് മാത്രമായിരിക്കുക എന്നതാണ് ഇത്കൊണ്ട് ഉദ്ദേശിക്കുന്നത്. അറബികൾ ഇലാഹ് എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത് ആരാധനക്ക് അർഹൻ എന്നാണ്. അല്ലാഹു ആരാധ്യന്മാരുടെ ആരാധ്യനാണെന്ന് അവർ പറയാറുണ്ടായിരുന്നു. പക്ഷെ, അല്ലാഹു ഇത് തൃപ്തിപ്പെടുമെന്നും, ഇവർ അല്ലാഹുവിങ്ക

ൽ നമുക്ക് വേണ്ടി ശുപാർശ ചെയ്യുമെന്നുമുള്ള ജൽപ്പനത്തോടെ അല്ലാഹുവോടൊപ്പം മലക്കുകൾ, സ്വാലിഹീങ്ങൾ പോലെയുള്ളവർക്കുമെല്ലാം അവർ ആരാധനകൾ അർപ്പിച്ചു.

തൗഹീദുഅസ്മാഉവസ്വിഫാത്ത്, അഥവാ നാമങ്ങളിലും വിശേഷണങ്ങളിലുമുള്ള ഏകത്വം: അല്ലാഹുവിന്റെ വിശേഷണങ്ങളിലും അവന്റെ നാമങ്ങളിലും അവൻ ഏകനാണെന്ന വിശ്വാസമാണ് ഇതിന്റെ വിവക്ഷ. തൗഹീദിന്റെ ആദ്യത്തെ രണ്ട് വിഭാഗങ്ങളും സ്വിഫാത്തിലുള്ള ഏകത്വത്തിലൂടെയല്ലാതെ യാഥാർത്ഥ്യമാവു കയില്ല. മക്കാ മുശ്രിക്കുകൾ ചിലർ ഇതിനെ അംഗീകരിച്ചിരുന്നുവെങ്കിലും പലരും അജ്ഞതയാലോ, ധിക്കാരത്താലോ നിഷേധിക്കുകയാണ് ചെയ്തത്.

## അല്ലാഹു എന്നോട് ഒരുകാര്യം കൽപ്പിച്ചാൽ എന്റെ ബാധ്യത എന്താണ്?

ഏഴ് കാര്യങ്ങൾ താങ്കളുടെ മേൽ നിർബന്ധമാവുന്നു.

1) അത് ശരിയായി മനസി ലാക്കുക.

2) അതിനെ ഇഷ്ടപ്പെട്ട് സ്വീകരിക്കുക

3) അത് ചെയ്യണമെന്ന് ഉറച്ച് തീരുമാനി ക്കുക.
4) അത് പ്രവർത്തിയിൽ കൊണ്ട് വരിക.
5) ആ പ്രവർത്തി നിയമമാക്കപ്പെട്ടതുപോലെ ശരിയായ രൂപത്തിലും കലർപ്പില്ലാതെയും ആയി രിക്കുക.
6) പ്രവർത്തനത്തെ നിഷ്ഫലമാക്കു ന്നത് വല്ലതും വന്ന് പോവുന്നതിൽ നിന്ന് ജാഗ്രത കൊള്ളുക.
7) അതിൽ ഉറച്ച് നിൽക്കുക. എന്നി വയാണവ.

**അല്ലാഹു തൗഹീദുകൊണ്ട് കൽപ്പിച്ചിട്ടുണ്ടെന്നും ശിർക്കിനെ വിരോധിച്ചിട്ടുണ്ടെന്നും ഒരാൾ അറിഞ്ഞാൽ മേൽപ്പറഞ്ഞ ഏഴ് കാര്യങ്ങൾ അതിൽ പാലിക്കേണ്ടതെങ്ങനെ ?**

തൗഹീദ് യാഥാർത്ഥ്യവും ശിർക്ക് അസത്യവുമാണെന്ന് അധികമാളുകൾക്കും അറിയാവുന്ന വസ്തുതയാണ്. പക്ഷെ അതിൽ നിന്നും അവർ തിരിഞ്ഞ് കളയുന്നു. അറിയാത്തത് ചോദിച്ചറിയുന്നില്ല. പലിശ അല്ലാഹു നിഷിദ്ധമാക്കിയിരിക്കുന്നുവെന്ന് അവനറിയാം. എങ്കിലും ക്രയവിക്രയങ്ങളിൽ അത് പരിഗണിക്കപ്പെടുന്നില്ല. അതിനെകുറിച്ചവൻ ചോദിച്ചറിയുന്നില്ല. അനാഥയുടെ സ്വത്ത് അന്യായമായി അനുഭവി

ക്കൽ നിഷിദ്ധമാണെന്നും ന്യായമായ രൂപത്തി ലാവാമെന്നും അവനറിയാം. പക്ഷെ, അനാഥ യുടെ സ്വത്തിനെ അവൻ ഏറ്റെടുക്കുന്നു. അതിന്റെ നിയമവശങ്ങൾ അവൻ ചോദിച്ചറിയു ന്നില്ല, (വസ്തുനിഷ്ഠമായി കാര്യങ്ങൾ അറി യുക എന്നത് അവന്റെ ബാധ്യതയാണ്. വിവ:)

അല്ലാഹു അവതരിപ്പിച്ചതിനെ ഇഷ്ടപ്പെ ടുകയും അവൻ വെറുത്തവരെ വെറുക്കുകയും ചെയ്യുക. അധികം ആളുകളും റസൂലിനെ സ്നേ ഹിക്കുന്നില്ല. മറിച്ച് റസൂലിനെയും അദ്ദേഹം കൊണ്ട് വന്നതിനെയും വെറുക്കുകയാണ്. അല്ലാഹുവാണ് അത് അവതരിപ്പിച്ചതെന്ന് അിറ യുന്നവനായിട്ടുപോലും അതിനോടവർ വിമുഖ ത കാണിക്കുന്നു. (റസൂലിന്റെ ചര്യയെ ജീവിത ത്തിൽ പകർത്താതെ പ്രവാചക സ്നേഹം വാദി ക്കുന്നവർ യഥാർത്ഥത്തിൽ പ്രവാചക വിരോധി കളാണ്. വിവ:).

ധാരാളം ആളുകൾ കാര്യങ്ങൾ മനസ്സിലാക്കു കയും അതിനെ ഇഷ്ടപ്പെടുകയും ചെയ്യുന്നു. പക്ഷെ, ഭൗതികമായ ചില താൽപര്യങ്ങൾ സംര ക്ഷിക്കുവാൻ വേണ്ടി അത് പ്രവർത്തിക്കുവാൻ തയ്യാറാവുന്നില്ല.

ചില ആളുകൾ പ്രവർത്തിക്കണമെന്ന് തീരുമാനിക്കുകയോ, പ്രവർത്തിക്കുകയോ ചെയ്യുന്നു. ശേഷം തങ്ങൾ ബഹുമാനിക്കുന്ന ഏതെങ്കിലും പണ്ഡിതന്മാരോ, നേതാക്കളോ അതിനെതിരെ സംസാരിച്ചാൽ അതോടെ ആ പ്രവർത്തനം നിർത്തുന്നു.

പ്രവർത്തിക്കുന്ന അനേകം ആളുകൾ ആത്മാർത്ഥത ഇല്ലാതെയാണ് ചെയ്യുന്നത്. ആത്മാർത്ഥതയുള്ള മറ്റു ചിലർ ചെയ്യുന്നത് ശരിയല്ലാതെയുമാണ്.

സ്വാലിഹീങ്ങളായ ആളുകൾ അവരുടെ കർമ്മങ്ങൾ പൊളിഞ്ഞ് പോവുന്നതിനെ ഭയന്നവരാണ്. കാരണം അല്ലാഹുവിന്റെ താക്കീത് തന്നെ. അല്ലാഹു പറയുന്നു:

﴿أَن تَحۡبَطَ أَعۡمَٰلُكُمۡ وَأَنتُمۡ لَا تَشۡعُرُونَ﴾ [الحجرات : ٢]

“നിങ്ങൾ അറിയാതെ നിങ്ങളുടെ കർമ്മങ്ങൾ പൊളിഞ്ഞ് പോകുമെന്നതിനാൽ" (ഹുജുറാത്ത്: 2)

സത്യത്തിൽ ഉറച്ച് നിൽക്കുകയും ദുഷിച്ച പര്യവസാനം വരുന്നതിനെ ഭയപ്പെടുകയും ചെയ്യുക. സ്വാലിഹീങ്ങൾ ഭയപ്പെട്ടിരുന്ന ഒരു വലിയ വിപത്ത് ഇതായിരുന്നു.

## കുഫ്റിന്റെ വിവക്ഷ എന്ത്? അതിന്റെ ഇനങ്ങൾ ഏവ?

കുഫ്റ് എന്നാൽ സത്യത്തെ നിഷേധിക്കൽ എന്നാണ് സാങ്കേതികാർത്ഥം. കുഫ്ർ രണ്ട് തരമുണ്ട്. അതിന്റെ ഇനങ്ങളാണ് വലിയ കുഫ്റും, ചെറിയ കുഫ്റും.

**(ഒന്ന്)വലിയ കുഫ്ർ:** ഇത് കാരണം വ്യക്തി ഇസ്‌ലാമിൽ നിന്ന് പുറത്ത് പോവുന്നു. ഇതിന് അഞ്ച് വിഭാഗങ്ങളുണ്ട്.

1) കളവാക്കുക എന്ന കുഫ്റ്. അല്ലാഹു പറയുന്നു:

﴿ وَمَنْ أَظْلَمُ مِمَّنِ ٱفْتَرَىٰ عَلَى ٱللَّهِ كَذِبًا أَوْ كَذَّبَ بِٱلْحَقِّ لَمَّا جَآءَهُۥٓ ۚ أَلَيْسَ فِى جَهَنَّمَ مَثْوًى لِّلْكَـٰفِرِينَ ﴾ [العنكبوت : ٦٨]

"അല്ലാഹുവിന്റെ പേരിൽ കളളം കെട്ടിച്ചമക്കുകയോ, സത്യം വന്നു കിട്ടിയപ്പോൾ അത് നിഷേ ധിച്ചു തളളുകയോ ചെയ്തവനെക്കാൾ അക്രമി യായി ആരുണ്ട്. നരകത്തിൽ അക്രമികൾക്ക് വാസസ്ഥലം ഇല്ലയോ"? (അൻകബൂത്ത്: 68)

2) സത്യമാണെന്ന് ബോധ്യമുണ്ടായിട്ടും അഹങ്കാരവും വിസമ്മതവും കാണിക്കുക എന്ന കുഫ്റ്: അല്ലാഹു പറയുന്നു:

﴿ وَإِذْ قُلْنَا لِلْمَلَـٰٓئِكَةِ ٱسْجُدُوا۟ لِءَادَمَ فَسَجَدُوٓا۟ إِلَّآ إِبْلِيسَ أَبَىٰ وَٱسْتَكْبَرَ وَكَانَ مِنَ ٱلْكَـٰفِرِينَ ﴾ [البقرة: ٣٤]

"ആദമിനെ നിങ്ങൾ പ്രണമിക്കുക എന്ന് നാം മലക്കുകളോട് പറഞ്ഞ സന്ദർഭം (ശ്രദ്ധിക്കുക) അവർ പ്രണമിച്ചു; ഇബ്‌ലീസ് ഒഴികെ. അവൻ വിസമ്മതം പ്രകടിപ്പിക്കുകയും അഹംഭാവം നടിക്കുകയും ചെയ്തു. അവൻ സത്യനിഷേധി കളിൽ പെട്ടവനായിരിക്കുന്നു". (ബഖറ: 34).

3) സംശയത്തിന്റെ അഥവാ ഊഹത്തിന്റെ കുഫ്റ്: അല്ലാഹു പറയുന്നു:

﴿وَدَخَلَ جَنَّتَهُۥ وَهُوَ ظَالِمٌ لِّنَفْسِهِۦ قَالَ مَآ أَظُنُّ أَن تَبِيدَ هَـٰذِهِۦٓ أَبَدًا ﴿٣٥﴾ وَمَآ أَظُنُّ ٱلسَّاعَةَ قَآئِمَةً وَلَئِن رُّدِدتُّ إِلَىٰ رَبِّى لَأَجِدَنَّ خَيْرًا مِّنْهَا مُنقَلَبًا ﴿٣٦﴾ قَالَ لَهُۥ صَاحِبُهُۥ وَهُوَ يُحَاوِرُهُۥٓ أَكَفَرْتَ بِٱلَّذِى خَلَقَكَ مِن تُرَابٍ ثُمَّ مِن نُّطْفَةٍ ثُمَّ سَوَّىٰكَ رَجُلًا﴾ [الكهف: ٣٥-٣٧]

"സ്വന്തത്തോട് തന്നെ അന്യായം പ്രവർത്തിച്ചവ നായിക്കൊണ്ട് അവൻ തന്റെ തോട്ടത്തിൽ പ്രവേശിച്ചു അവൻ പറഞ്ഞു. ഒരിക്കലും ഇതൊ ന്നും നശിച്ചുപോകുമെന്ന് ഞാൻ വിചാരി ക്കു ന്നില്ല. അന്ത്യ സമയം നിലവിൽ വരുമെന്നും ഞാൻ വിചാരിക്കുന്നില്ല. ഇനി ഞാൻ എന്റെ രക്ഷിതാവിങ്കലേക്ക്

മടക്കപ്പെടുകയാണെങ്കി ലോ, തീർച്ചയായും മടങ്ങിച്ചെല്ലുന്നതിന് ഇതിനേ ക്കാൾ ഉത്തമമായ ഒരുസ്ഥലം എനിക്ക് ലഭിക്കുക തന്നെ ചെയ്യും. അവന്റെ ചങ്ങാതി അവനുമായി സംവാദം നടത്തിക്കൊണ്ടിരിക്കെ പറഞ്ഞു: മണ്ണിൽ നിന്നും അനന്തരം ബീജ ത്തിൽ നിന്നും നിന്നെ സൃഷ്ടിക്കുകയും പിന്നീട് ഒരു പുരുഷനായി നിന്നെ സംവിധാനിക്കുക യും ചെയ്തവനിൽ നീ അവിശ്വസിച്ചിരിക്കു കയാണോ"? (കഹ്ഫ്: 35-37)

4) തിരിഞ്ഞ് കളയുക എന്ന കുഫ്റ്: അല്ലാഹു പറയുന്നു:

﴿وَٱلَّذِينَ كَفَرُوا۟ عَمَّآ أُنذِرُوا۟ مُعْرِضُونَ﴾ [الأحقاف: ٣]

"സത്യ നിഷേധികൾ തങ്ങൾക്ക് മുന്നറിയിപ്പ് നൽകപ്പെട്ടതിനെ തൊട്ട് തിരിഞ്ഞ് കളയുന്നവ രാണ്". (അഹ്ഖാഫ്: 3)

5) കാപട്യം എന്ന കുഫ്റ്: അല്ലാഹു പറയുന്നു:

﴿ذَٰلِكَ بِأَنَّهُمْ ءَامَنُوا۟ ثُمَّ كَفَرُوا۟ فَطُبِعَ عَلَىٰ قُلُوبِهِمْ فَهُمْ لَا يَفْقَهُونَ﴾
[المنافقون : ٣]

"അത് അവർ ആദ്യം വിശ്വസിക്കുകയും പിന്നീട് അവിശ്വസിക്കുകയും ചെയ്തതിന്റെ

ഫലമത്രെ. അങ്ങനെ അവരുടെ ഹൃദയങ്ങളിന്മേൽ മുദ്ര വെക്കപ്പെട്ടിരിക്കുന്നു. അതിനാൽ അവർ (കാര്യം) ഗ്രഹിക്കുകയില്ല". (മുനാഫിഖൂൻ: 3)

**(രണ്ട്) ചെറിയ കുഫ്റ്** :ഈ കുഫ്റുള്ളവർ ഇസ്‌ലാമിൽ നിന്ന് പുറത്താവുകയില്ല. അനുഗ്രഹങ്ങൾക്ക് നിഷേധം അഥവാ നന്ദികേട് കാണിക്കലാണ് അത്. അല്ലാഹു പറയുന്നു:

﴿وَضَرَبَ ٱللَّهُ مَثَلًا قَرْيَةً كَانَتْ ءَامِنَةً مُّطْمَئِنَّةً يَأْتِيهَا رِزْقُهَا رَغَدًا مِّن كُلِّ مَكَانٍ فَكَفَرَتْ بِأَنْعُمِ ٱللَّهِ فَأَذَٰقَهَا ٱللَّهُ لِبَاسَ ٱلْجُوعِ وَٱلْخَوْفِ بِمَا كَانُوا۟ يَصْنَعُونَ﴾ [النحل:١١٢]

"അല്ലാഹു ഒരു രാജ്യത്തെ ഉപമയായി എടുത്ത് കാണിക്കുകയാകുന്നു. അത് സുരക്ഷിതവും ശാന്തവുമായിരുന്നു. അതിലെ ആവശ്യത്തിനുള്ള ഭക്ഷണം എല്ലായിടത്തുനിന്നും സമൃദ്ധമായി അവിടെ എത്തിക്കൊണ്ടിരിക്കും. എന്നിട്ട് ആ രാജ്യം അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിഷേധിച്ചു.അപ്പോൾ അവർ പ്രവർത്തിച്ചുകൊണ്ടിരുന്നത് നിമിത്തം വിശപ്പിന്റെയും ഭയത്തിന്റെയും ഉടുപ്പ് അല്ലാഹു ആ രാജ്യത്തിന് അനുഭവിക്കുമാറാക്കി" (നഹ്ൽ : 112).

## എന്താണ് ശിർക്ക്? ശിർക്കിന്റെ ഇനങ്ങൾ ഏവ?

തൗഹീദിന്റെ നേരെ വിപരീതമാണ് ശിർക്ക്. (അല്ലാഹുവിന്റെ ദാത്തിലോ സ്വിഫാത്തിലോ അഫ്ആലിലോ മറ്റുള്ളവർക്ക് പങ്ക് കൽപ്പിക്കൽ. വിവ:) ശിർക്കിന് മൂന്ന് ഇനങ്ങളുണ്ട്. അവ

വലിയ ശിർക്ക് (الشرك الأكبر)
ചെറിയ ശിർക്ക് (الشرك الأصغر)
ഗോപ്യമായ ശിർക്ക് (الشرك الخفي)

### 01 വലിയ ശിർക്ക് (الشرك الأكبر)

**ഇതിന് നാല് വിഭാഗങ്ങളുണ്ട്:**

1. പ്രാർത്ഥനയിലെ ശിർക്ക്; അല്ലാഹു പറയുന്നു:

﴿ فَإِذَا رَكِبُوا۟ فِى ٱلْفُلْكِ دَعَوُا۟ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ فَلَمَّا نَجَّىٰهُمْ إِلَى ٱلْبَرِّ إِذَا هُمْ يُشْرِكُونَ ﴾ [العنكبوت : ٦٥]

"എന്നാൽ അവർ (ബഹുദൈവാരാധകർ) കപ്പലിൽ കയറിയാൽ കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ വിളിച്ച് പ്രാർത്ഥിക്കും. എന്നിട്ട് അവരെ അവൻ രക്ഷപ്പെടുത്തിയപ്പോഴോ അവരതാ (അവനോട്) പങ്ക് ചേർക്കുന്നു". (അൻകബൂത്ത് : 65)

**2.** ഉദ്ദേശ്യത്തിലെയും (നിയ്യത്ത്) ലക്ഷ്യത്തിലെയും ശിർക്ക്; അല്ലാഹു പറയുന്നു:

﴿ مَن كَانَ يُرِيدُ ٱلْحَيَوٰةَ ٱلدُّنْيَا وَزِينَتَهَا نُوَفِّ إِلَيْهِمْ أَعْمَٰلَهُمْ فِيهَا وَهُمْ فِيهَا لَا يُبْخَسُونَ ﴿١٥﴾ أُو۟لَٰٓئِكَ ٱلَّذِينَ لَيْسَ لَهُمْ فِى ٱلْءَاخِرَةِ إِلَّا ٱلنَّارُ ۖ وَحَبِطَ مَا صَنَعُوا۟ فِيهَا وَبَٰطِلٌ مَّا كَانُوا۟ يَعْمَلُونَ ﴾ [هود: ١٥-١٦]

"ഐഹിക ജീവിതത്തെയും അതിന്റെ അലങ്കാരത്തെയുമാണ് ആരെങ്കിലും ഉദ്ദേശിക്കുന്നതെങ്കിൽ അവരുടെ പ്രവർത്തനങ്ങൾ അവിടെ (ഇഹലോകത്ത്) വെച്ച് അവർക്ക് നാം നിറവേറ്റിക്കൊടുക്കുന്നതാണ്. അവർക്കവിടെ യാതൊരു കുറവും വരുത്തപ്പെടുകയില്ല. പരലോകത്ത് നരകമല്ലാതെ മറ്റൊന്നും കിട്ടാനില്ലാത്തവരാകുന്നു അക്കൂട്ടർ. അവർ ഇവിടെ പ്രവർത്തിച്ചതെല്ലാം പൊളിഞ്ഞ് പോയിരിക്കുന്നു. അവർ ചെയ്തു കൊണ്ടിരുന്നതെല്ലാം ഫലശൂന്യമത്രെ".

**3.** അനുസരണത്തിലെ ശിർക്ക്. അല്ലാഹു പറയുന്നു:

﴿ ٱتَّخَذُوٓا۟ أَحْبَارَهُمْ وَرُهْبَٰنَهُمْ أَرْبَابًا مِّن دُونِ ٱللَّهِ وَٱلْمَسِيحَ ٱبْنَ مَرْيَمَ وَمَآ أُمِرُوٓا۟ إِلَّا لِيَعْبُدُوٓا۟ إِلَٰهًا وَٰحِدًا ۖ لَّآ إِلَٰهَ إِلَّا هُوَ ۚ سُبْحَٰنَهُۥ عَمَّا يُشْرِكُونَ ﴾ [التوبة: ٣١]

"അവരുടെ പണ്ഡിതന്മാരെയും പുരോഹിത

ന്മാരെയും മർയമിന്റെ മകനായ മസീഹിനെയും അല്ലാഹുവിന് പുറമേ അവർ രക്ഷിതാക്കളായി സ്വീകരിച്ചു. എന്നാൽ ഏകദൈവത്തെ മാത്രം ആരാധിക്കുവാൻ മാത്രമായിരുന്നു അവർ കൽപ്പിക്കപ്പെട്ടിരുന്നത്. അവനല്ലാതെ ഒരു ദൈവവുമില്ല. അവർ പങ്കുചേർക്കുന്നതിൽ നിന്ന് അവനെത്രയോ പരിശുദ്ധൻ" (തൗബ: 31).

**4.** സ്നേഹത്തിലെ ശിർക്ക്. അല്ലാഹു പറയുന്നു:

﴿ وَمِنَ ٱلنَّاسِ مَن يَتَّخِذُ مِن دُونِ ٱللَّهِ أَندَادًا يُحِبُّونَهُمْ كَحُبِّ ٱللَّهِ ۖ وَٱلَّذِينَ
ءَامَنُوٓا۟ أَشَدُّ حُبًّا لِّلَّهِ ۗ وَلَوْ يَرَى ٱلَّذِينَ ظَلَمُوٓا۟ إِذْ يَرَوْنَ ٱلْعَذَابَ أَنَّ ٱلْقُوَّةَ لِلَّهِ جَمِيعًا
وَأَنَّ ٱللَّهَ شَدِيدُ ٱلْعَذَابِ ﴾ [البقرة : ١٦٥]

“അല്ലാഹുവിന് പുറമേയുള്ളവരെ അവന് സമമാക്കുന്ന ചില ആളുകളുണ്ട്. അല്ലാഹുവെ സ്നേഹിക്കുന്നത് പോലെ ഈ ആളുകൾ അവരെയും സ്നേഹിക്കുന്നു. എന്നാൽ സത്യവിശ്വാസികൾ അല്ലാഹുവോട് അതി ശക്തമായ സ്നേഹമുള്ളവരത്രെ. ഈ അക്രമികൾ പരലോകശിക്ഷ കൺമുമ്പിൽ കാണുന്ന സമയത്ത് ശക്തി മുഴുവൻ അല്ലാഹുവിനാണെന്നും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്നും അവർ കണ്ടറിഞ്ഞിരുന്നുവെങ്കിൽ” (അതവർക്ക് എത്ര ഗുണകരമായിരുന്നു). (അൽബഖറ: 165).

## 02 ചെറിയ ശിർക്ക് (الشرك الأصغر)

ലോകരെ കാണിക്കാൻ വേണ്ടി പ്രവർത്തിക്കലാണ് ചെറിയ ശിർക്ക്. അല്ലാഹു പറയുന്നു:

﴿قُلْ إِنَّمَآ أَنَا۠ بَشَرٌ مِّثْلُكُمْ يُوحَىٰٓ إِلَىَّ أَنَّمَآ إِلَٰهُكُمْ إِلَٰهٌ وَٰحِدٌ فَمَن كَانَ يَرْجُوا۟ لِقَآءَ رَبِّهِۦ فَلْيَعْمَلْ عَمَلًا صَٰلِحًا وَلَا يُشْرِكْ بِعِبَادَةِ رَبِّهِۦٓ أَحَدًۢا﴾ [الكهف: ١١٠]

“അതിനാൽ വല്ലവനും തന്റെ രക്ഷിതാവുമായി കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സൽകർമ്മം പ്രവർത്തിക്കുകയും തന്റെ രക്ഷിതാവിനുള്ള ആരാധനയിൽ യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെയ്തുകൊള്ളട്ടെ". (കഹ്ഫ്: 110).

## 03 ഗോപ്യമായ ശിർക്ക്: (الشرك الخفي)

നബി (ﷺ) പറഞ്ഞു:

«الشرك في هذه الأمة أخفى من دبيب النمل على الصفاة السوداء في ظلمة الليل».

“ഇരുൾ മുറ്റിയ രാത്രിയിൽ ഒരു കറുത്ത കല്ലിലൂടെ ഉറുമ്പരിക്കുന്നതിനെക്കാൾ ഗോപ്യമാണ്, ശിർക്ക് ഈ സമുദായത്തിൽ"

### ഖദ്റും ഖളാഉം തമ്മിലുള്ള വ്യത്യാസമെന്ത്?

സാങ്കേതികമായി ഖദ്റ് കൊണ്ട്

ഉദ്ദേശിക്കുന്നത്, പ്രപഞ്ചത്തിലെ വസ്തുക്കൾ ഉണ്ടാവുന്നതിന് മുമ്പ് തന്നെ കാര്യങ്ങളെക്കുറിച്ച അല്ലാഹുവിന്റെ നിർണ്ണയമാണ്. എന്നാൽ ഖളാഅ്, മുൻ നിർണ്ണയമനുസരിച്ചും ജ്ഞാന ഫലകത്തിൽ രേഖപ്പെടുത്തിയതനുസരിച്ചും നടന്നുകൊണ്ടിരിക്കുന്ന പ്രാപഞ്ചിക നിയമങ്ങളാണ്.

**നന്മയും തിന്മയും മുഴുവൻ അല്ലാഹുവിൽ നിന്നാണോ?**

അതെ, നന്മതിന്മകൾ മുഴുവൻ അല്ലാഹുവിന്റെ നിർണ്ണയമനുസരിച്ചാണ്. അലി (رضي الله عنه) നിവേദനം ചെയ്ത ഒരു ഹദീസിൽ ഒരു സംഭവം ഇപ്രകാരം കാണാം. ബഖീഉൽ ഗർഖദിൽ (മദീനയിലെ ശ്മശാനം) ഒരു മയ്യിത്ത് മറമാടിക്കൊണ്ടിരിക്കെ റസൂൽ (ﷺ) അവിടെ വന്നു. അദ്ദേഹം ഇരുന്നു. ഞങ്ങൾ അദ്ദേഹത്തിന് ചുറ്റും ഇരുന്നു. അദ്ദേഹത്തിന്റെ കയ്യിൽ ഊന്ന് വടിയുണ്ട്. അദ്ദേഹം വടി തല മാറ്റി പിടിച്ചു. ആലോചിച്ച് കൊണ്ടിരിക്കെ പെട്ടെന്ന് തന്റെ വടികൊണ്ട് തറയിൽ കുത്തി ഒരു അടയാളമുണ്ടാക്കി. ശേഷം അദ്ദേഹം പറഞ്ഞു: നിങ്ങളിൽ ഓരോരുത്തരും, അടുത്ത സമയം ജനിച്ച ഒരു

കുഞ്ഞിന്റെ ആത്മാവ് പോലും അതിന്റെ സ്ഥാനം സ്വർഗ്ഗത്തിലോ, നരകത്തിലോ എന്ന് അല്ലാഹു രേഖപ്പെടുത്തിയിട്ടുണ്ട്. അലി (ﷺ) പറയുന്നു: അപ്പോൾ ഒരാൾ ചോദിച്ചു. എങ്കിൽ ഞങ്ങൾ ഞങ്ങളുടെ വിധിയെ അവലംബിക്കു കയും കർമ്മങ്ങളെ ഒഴിവാക്കുകയും ചെയ്യട്ടെയോ? അപ്പോൾ നബി (ﷺ) പറഞ്ഞു: ഒരാൾ സൗഭാഗ്യവാനാണെങ്കിൽ അല്ലാഹു അയാളെ സൗഭാഗ്യവാന്മാരുടെ പ്രവർത്തനങ്ങളിലേക്ക് തിരിച്ച് വിടുന്നു. ഒരാൾ ദൗർഭാഗ്യവാനാണെങ്കിൽ അല്ലാഹു അയാളെ ദൗർഭാഗ്യവാന്മാരുടെ കർമ്മങ്ങളിലേക്ക് തിരിച്ച് വിടുന്നു. (അങ്ങനെ അവന്റെ വിധി യാഥാർത്ഥ്യമാവുന്നു എന്ന് സാരം) ശേഷം നബി (ﷺ) ഓതി:

﴿قُلْ إِنَّمَآ أَنَا۠ بَشَرٌ مِّثْلُكُمْ يُوحَىٰٓ إِلَيَّ أَنَّمَآ إِلَٰهُكُمْ إِلَٰهٌ وَٰحِدٌ فَمَن كَانَ يَرْجُوا۟ لِقَآءَ رَبِّهِۦ فَلْيَعْمَلْ عَمَلًا صَٰلِحًا وَلَا يُشْرِكْ بِعِبَادَةِ رَبِّهِۦٓ أَحَدًۢا﴾ [الليل : ٥ – ١٠]

"എന്നാൽ ഏതൊരാൾ ദാനം നൽകുകയും സൂക്ഷ്മത പാലിക്കുകയും ഏറ്റവും ഉത്തമമായതിനെ സത്യപ്പെടുത്തുകയും ചെയ്തുവോ, അവന് നാം ഏറ്റവും എളുപ്പമായതിലേക്ക് സൗകര്യപ്പെടുത്തിക്കൊടുക്കുന്നതാണ്. എന്നാൽ ആർ പിശുക്ക് കാണിക്കുകയും സ്വയം പര്യാപ്

തത നടിക്കുകയും, ഏറ്റവും ഉന്നതമായതിനെ നിഷേധിച്ച് തള്ളുകയും ചെയ്തുവോ, അവനു നാം ഏറ്റവും ഞെരുക്കമുള്ളതിലേക്ക് സൗകര്യമൊരുക്കിക്കൊടുക്കുന്നതാണ്. (ലൈൽ:5 -10)

ഹദീസിൽ ഇപ്രകാരം വന്നിട്ടുണ്ട്. നബി (ﷺ) പറഞ്ഞു:

«واعملوا فكل ميسر، أما أهل الشقاوة فييسرون لعمل أهل الشقاوة، وأما أهل السعادة فييسرون لعمل أهل السعادة».

“നിങ്ങൾ പ്രവർത്തിക്കുക, എല്ലാവരും സൗകര്യം ലഭിക്കുന്നവരാണ്. അതിനാൽ ദുർഭഗർക്ക് ദുർഭഗരുടെ പ്രവർത്തനങ്ങൾക്ക് സൗകര്യം ലഭിക്കും. എന്നാൽ സുഭഗർക്ക് സൗഭാഗ്യവാന്മാരുടെ പ്രവർത്തനങ്ങൾക്ക് സൗകര്യം ലഭിക്കും" ശേഷം അദ്ദേഹം സൂറത്തു ലൈലിലെ അഞ്ച് മുതൽ പത്ത് വരെയുള്ള ആയത്തുകൾ ഓതി.

## (لا إله إلا الله) എന്നതിന്റെ അർത്ഥമെന്ത്?

യഥാർത്ഥത്തിൽ അല്ലാഹുവല്ലാതെ ഒരു ആരാധ്യനുമില്ല എന്നാണ്. അല്ലാഹു പറയുന്നു:

﴿وَقَضَىٰ رَبُّكَ أَلَّا تَعْبُدُوٓا۟ إِلَّآ إِيَّاهُ وَبِٱلْوَٰلِدَيْنِ إِحْسَـٰنًا﴾ [الإسراء : ٢٣]

“നിന്റെ നാഥൻ വിധിച്ചിരിക്കുന്നു. അവനെയ

ല്ലാതെ നിങ്ങൾ ആരാധിക്കരുത് എന്ന്". (ഇസ്റാഅ്:23) (ألا تعبدوا) എന്ന വാക്കിൽ (لا إله) ഒരു ആരാധ്യനുമില്ല എന്ന അർത്ഥവും (إلا إياه) അവനെയല്ലാതെ എന്ന വാക്കിൽ (إلا الله) അല്ലാഹു ഒഴികെ എന്ന അർത്ഥവും ഉൾക്കൊള്ളുന്നു.

**നമസ്കാരത്തിനും നോമ്പിനും മുമ്പ് അല്ലാഹു തന്റെ അടിമകൾക്ക് നിർബന്ധമാക്കിയ തൗഹീദ് ഏത്?**

ആരാധനയിലുള്ള തൗഹീദ് ആണ്. അതിനാൽ ഒരാളും ഏകനായ, പങ്കുകാരനില്ലാത്ത, അല്ലാഹുവോടല്ലാതെ വിളിച്ച് പ്രാർത്ഥിക്കുവാൻ പാടില്ല. അല്ലാഹു പറയുന്നു:

﴿وَأَنَّ ٱلْمَسَـٰجِدَ لِلَّهِ فَلَا تَدْعُوا۟ مَعَ ٱللَّهِ أَحَدًا﴾ [الجن : ١٨]

"പള്ളികൾ അള്ളാഹുവിനുള്ളതാകുന്നു. അതിനാൽ അല്ലാഹുവോടൊപ്പം നിങ്ങൾ ആരെയും വിളിച്ച് പ്രാർത്ഥിക്കരുത് " (ജിന്ന്: 18).

**ക്ഷമ കൈക്കൊള്ളുന്ന ദരിദ്രനൊ, നന്ദി കാണിക്കുന്ന ധനികനോ ആരാണ് ഏറ്റവും ശ്രേഷ്ഠൻ?**

ക്ഷമിക്കുന്നവനും നന്ദികാണിക്കുന്നവനും വിശ്വാസികളിൽ ശ്രേഷ്ഠൻ തന്നെയാണ്.

അവരിൽ രണ്ട് പേരിൽ ഏറ്റവും ശ്രേഷ്ഠൻ അവരിൽ ഏറ്റവും തഖ്‌വ(സൂക്ഷ്മത)യുളളവ നാണ്. അല്ലാഹു പറഞ്ഞതു പോലെ:

﴿إِنَّ أَكۡرَمَكُمۡ عِندَ ٱللَّهِ أَتۡقَىٰكُمۡ﴾ [الحجرات : ١٣]

നിങ്ങളിൽ ഏറ്റവും ശ്രേഷ്ഠൻ, നിങ്ങളിൽ ഏറ്റ വും സൂക്ഷ്മതയുള്ളവനത്രെ". (ഹുജുറാത്ത്:13) പണ്ഡിതന്മാർക്കിടയിൽ അറിയപ്പെട്ടതുപോലെ, വെപ്രാളം കാണിക്കാതിരിക്കലാണ് ക്ഷമ, എ ന്നാൽ അല്ലാഹു നൽകിയ അനുഗ്രഹങ്ങൾക്ക് കൃതജ്ഞത കാണിക്കലാണ് നന്ദി.

## താങ്കൾക്ക് എന്നെ ഉപദേശിക്കാനുള്ളത് എന്താണ്?

തൗഹീദിൽ പാണ്ഡിത്യം നേടുക. തൗഹീ ദിന്റെ ഗ്രന്ഥങ്ങൾ ഉപദേശിക്കാനുള്ളത്. അല്ലാ ഹുവിന്റെ ദൂതനെ നിയോഗിച്ചയച്ച ആ തൗഹീദി ന്റെ യഥാർത്ഥ രൂപം അതിലൂടെ താങ്കൾക്ക് ല ഭ്യമാവും. താൻ ഒരിക്കലും പൊറുക്കുകയില്ലെ ന്ന് അല്ലാഹു അറിയിച്ച, അല്ലാഹുവും റസൂലും നിഷിദ്ധമാക്കിയ ശിർക്കിന്റെ യഥാർത്ഥ രൂപം അതിലൂടെ താങ്കൾക്ക് ബോധ്യമാവും. ആ ശിർ ക്ക് ചെയ്യുന്നവന് സ്വർഗ്ഗം നിഷിദ്ധമാണ്. അത്

ചെയ്തവന്റെ കർമ്മങ്ങൾ മുഴുക്കെ പൊളിഞ്ഞ് പോയി. മുഴുവൻ കാര്യങ്ങളും ഭംഗിയാവുന്നത് തൗഹീദിന്റെ യാഥാർത്ഥ്യം ഉൾക്കൊള്ളുന്നതിലൂടെയാണ്. അതുമായാണ് അല്ലാഹു തന്റെ ദൂതനെ നിയോഗിച്ചത്. അതിലൂടെയാണ് ഒരു മനുഷ്യൻ മുസ്‌ലിമും, ശിർക്കിൽ നിന്നും അതിന്റെ വക്താക്കളിൽ നിന്നും വേർപെട്ടവനുമാവുന്നത്.

## താങ്കൾ ചെയ്യേണ്ടത്:

അല്ലാഹുവിൽ നിന്നും മുഹമ്മദ് നബി (ﷺ) കൊണ്ട് വന്നതിലേക്ക് താങ്കൾ മുന്നിടുക. കാരണം മനുഷ്യന് ആവശ്യമുള്ള മുഴുവൻ കാര്യങ്ങളുമായാണ് അദ്ദേഹം വന്നത്. മനുഷ്യനെ അല്ലാഹുവിങ്കലേക്കും അവന്റെ സ്വർഗ്ഗത്തിലേക്കും അടുപ്പിക്കുന്ന ഒരു കാര്യവും അദ്ദേഹം നമ്മെ അറിയിക്കാതെ വിട്ടിട്ടില്ല. അല്ലാഹുവിൽ നിന്ന് അകറ്റുന്നതും അവന്റെ ശിക്ഷയിലേക്ക് അടുപ്പിക്കുന്നതുമായ ഒരു കാര്യവും അദ്ദേഹം വിരോധിക്കാതെയും അതിൽ നിന്ന് നമ്മെ ജാഗ്രതപ്പെടുത്താതെയും വിട്ടുകളഞ്ഞിട്ടില്ല. അതിനാൽ തന്നെ അല്ലാഹു അന്ത്യനാൾ വരേക്കും അദ്ദേഹത്തിലൂടെ സൃഷ്ടികളുടെ മേൽ തന്റെ ന്യായം സ്ഥാപിച്ചിരിക്കുകയാണ്. അതിനാൽ

മുഹമ്മദ് (ﷺ) യുടെ നിയോഗമന ശേഷം ഒരാൾക്കും അല്ലാഹുവിനെതിരിൽ ന്യായം അവകാശപ്പെടാനില്ല. മുഹമ്മദ് നബി (ﷺ) യുടെയും അദ്ദേഹത്തിന്റെ സഹോദരങ്ങളായ മറ്റു പ്രവാചകന്മാരുടെയും നിയോഗമനത്തെക്കുറിച്ച് അല്ലാഹു പറഞ്ഞു:

﴿إِنَّآ أَوۡحَيۡنَآ إِلَيۡكَ كَمَآ أَوۡحَيۡنَآ إِلَىٰ نُوحٖ وَٱلنَّبِيِّـۧنَ مِنۢ بَعۡدِهِۦۚ﴾ [النساء : ١٦٣]

(നബിയേ,) നൂഹിനും അദ്ദേഹത്തിന്റെ ശേഷമുള്ള പ്രവാചകന്മാർക്കും നാം സന്ദേശം നൽകിയത് പോലെ തന്നെ നിനക്കും നാം സന്ദേശം നൽകിയിരിക്കുന്നു. (നിസാഅ്: 163)

പ്രവാചകന്മാരെകുറിച്ചുള്ള ചില കാര്യങ്ങൾ പ്രസ്താവിച്ച ശേഷം തുടർന്ന് അല്ലാഹു പറയുന്നു:

﴿لِئَلَّا يَكُونَ لِلنَّاسِ عَلَى ٱللَّهِ حُجَّةُۢ بَعۡدَ ٱلرُّسُلِۚ وَكَانَ ٱللَّهُ عَزِيزًا حَكِيمٗا﴾ [النساء: ١٦٥]

ആ ദൂതന്മാർക്ക് ശേഷം ജനങ്ങൾക്ക് അല്ലാഹുവിനെതിരിൽ ഒരു ന്യായവും ഇല്ലാതിരിക്കാൻ വേണ്ടിയാണത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു‘ (നിസാഅ്: 163).

അദ്ദേഹം കൊണ്ട് വന്നതിൽ ഏറ്റവും പ്രധാനപ്പെട്ടതും ജനങ്ങളോട് ആദ്യമായി കൽപ്പി ച്ച

തും ആരാധനയിൽ അല്ലാഹുവിനെ ഏകനാക്കുക, അവന് പങ്കുകാരില്ല, കീഴ്‌വണക്കം അവന് മാത്രമാക്കുക എന്ന തത്വമാണ്. അല്ലാഹു പറയുന്നു:

﴿يَٰٓأَيُّهَا ٱلْمُدَّثِّرُ ۝١ قُمْ فَأَنذِرْ ۝٢ وَرَبَّكَ فَكَبِّرْ﴾ [المدثر: ١-٣]

ഹേ പുതച്ചു മൂടിയവനേ, എഴുന്നേറ്റ്(ജനങ്ങളെ) താക്കീത് ചെയ്യുക. നിന്റെ രക്ഷിതാവിനെ മഹത്വപ്പെടുത്തുകയും ചെയ്യുക. ഇതിൽ (وربك فكبر) എന്നതിന്റെ ശരിയായ വിവക്ഷ, തൗഹീദ് കൊണ്ടും ആരാധനകൾ നിഷ്കളങ്കമായി അവന് മാത്രമാക്കിക്കൊണ്ടും നിന്റെ റബ്ബിനെ മഹത്വപ്പെടുത്തുക, അവൻ ഏകനാണ്. അവന്ന് പങ്കുകാരില്ല എന്നാണ്.

നമസ്കാരം, നോമ്പ്, സകാത്ത് പോലെയുള്ള ഇസ്‌ലാമിലെ മറ്റു ചിഹ്നങ്ങളെല്ലാം അവതരിക്കുന്നതിന്റെ മുമ്പാണ് ഈ കൽപ്പന.

അതുപോലെ (قم فأنذر) എന്നതിന്റെ വിവക്ഷ, ഏകനും പങ്കുകാരനില്ലാത്തവനുമായ അല്ലാഹുവിനെ ആരാധിക്കുന്നതിൽ ശിർക്ക് വെക്കുന്നതിൽ നിന്നും നീ മുന്നറിയിപ്പ് നൽകൂ എന്നാണ്. വ്യഭിചാരം, മോഷണം, പലിശ, ജനദ്രോഹം

പോലെയുള്ള വൻ പാപങ്ങളെ കുറിച്ച് താക്കീതു ചെയ്യാനുള്ള കൽപ്പനക്ക് മുമ്പാണിത്.

ഇതാണ് മതത്തിന്റെ ഏറ്റവും മർമ്മ പ്രധാനമായ അടിസ്ഥാനം. ഇതിന് വേണ്ടിയാണ് അല്ലാഹു സൃഷ്ടികളെ സൃഷ്ടിച്ചത് തന്നെ. അല്ലാഹു പറയുന്നു:

﴿وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ﴾ [الذاريات: ٥٦]

“ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല". (ദാരിയാത്ത് : 56).

ഇതേ ലക്ഷ്യത്തിനു വേണ്ടിയാണ് അല്ലാഹു ദൂതന്മാരെ അയച്ചതും ഗ്രന്ഥങ്ങൾ അവതരിച്ചതും. അല്ലാഹു പറയുന്നു.

﴿وَلَقَدْ بَعَثْنَا فِى كُلِّ أُمَّةٍ رَّسُولًا أَنِ ٱعْبُدُوا۟ ٱللَّهَ وَٱجْتَنِبُوا۟ ٱلطَّٰغُوتَ﴾
[النحل: ٣٦]

“തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്.നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി) (നഹ്ൽ : 36).

ഇതേ കാരണത്താലാണ് മനുഷ്യർ മുസ്ലിമെന്നും കാഫിറെന്നും വേർതിരിഞ്ഞത്. അതിനാൽ യാതൊന്നിനെയും പങ്ക് ചേർക്കാതെ, അല്ലാഹുവിനെ മാത്രം ആരാധിക്കുന്നവനായിക്കൊണ്ട്, അവനെ അന്ത്യനാളിൽ ആര് കണ്ട് മുട്ടിയോ, അവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചു. ശിർക്കുമായി അവനെ അഭിമുഖീകരിച്ചവൻ നരകത്തിലും പ്രവേശിച്ചു. അവൻ ജനങ്ങളിൽ ഏറ്റവും വലിയ ഭക്തനാണെങ്കിലും. ഇതാണ് ശഹാദത്ത് സാക്ഷ്യത്തിന്റെ പൊരുൾ. പ്രാർത്ഥിക്കപ്പെടേണ്ടതും ആഗ്രഹസഫലീകരണത്തിനും ദോഷപ്രതിരോധത്തിനുംആശ്രയിക്കപ്പെടേണ്ടതും, ഭയപ്പെടേണ്ടതും, ഭരമേൽപ്പിക്കപ്പെടേണ്ടതും, ആരാധ്യനായ അല്ലാഹുവിൽ മാത്രമത്രെ.



IslamHouse.com

@IslamHouseMl islamhouseml islamhouse.com/ml/

Malayalam.IslamHouse user/IslamHouseml

For more details visit
www.GuideToIslam.com

GUIDE TO ISLAM

contact us :Books@guidetoislam.com

GuidetoIslam.org Guidetoislam1 Guidetoislam www.Guidetoislam.com

المكتب التعاوني للدعوة وتوعية الجاليات بالربوة

هاتف : ٩٦٦١١٤٤٥٤٩٠٠+ فاكس : ٩٦٦١١٤٩٧٠١٢٦+ ص ب : ٢٩٤٦٥ الرياض : ١١٤٥٧

ISLAMIC PROPAGATION OFFICE IN RABWAH

P.O.BOX 29465 RIYADH 11457 TEL: +966 11 4454900 FAX: +966 11 4970126

# തൗഹീദ്
# പ്രമാണങ്ങളിലൂടെ

വിശ്വാസത്തിന്റെ അടിസ്ഥാന ഘടകമാണ് തൗഹീദ്. തൗഹീദിന്റെ അഭാവത്തിൽ കർമങ്ങൾ അസ്വീകാര്യമാണ്. ഇസ്ലാമിക ലോകത്ത് പ്രസിദ്ധനായ ശൈഖുൽ ഇസ്ലാം മുഹമ്മദ് ബ്നു അബ്ദുൽ വഹാബ് (റ)യാണ് രചയിതാവ്. 50 ചോദ്യോത്തരങ്ങളടങ്ങുന്ന ഈ ചെറു പുസ്തകം സാധാരണക്കാർക്ക് തൗഹീദിനെ സരളമായി പഠിക്കാവുന്ന വളരെ നല്ല ഒരു കൃതിയാണ്.




IslamHouse.com
OsoulCenter
www.osoulcenter.com
Rabwah